2026
JUNE
11
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# വ്യോമയാന ഇന്ധനവില 10% വർധിപ്പിച്ചു

# വിമാനക്കമ്പനികൾ സർവീസുകൾ വെട്ടിക്കുറയ്ക്കുന്നു

**ന്യൂഡൽഹി:** എണ്ണ വിപണന കമ്പനികൾ വിമാന ഇന്ധനമായ എ.ടി.എഫിന്റെ വിലയിൽ 10 ശതമാനം വർദ്ധനവ് ഏർപ്പെടുത്തി. ആഭ്യന്തര വിമാനങ്ങൾക്കുള്ള ഇന്ധന വില ലിറ്ററിന് 105 രൂപയിൽ നിന്ന് 115 രൂപയായി ഉയന്നു. പുതിയ വില സ്ഥിരതാ ശൃംഖലയുടെ കീഴിൽ നടപ്പിലാക്കിയ ഈ വർദ്ധനവ് അടുത്ത മൂന്ന് വർഷത്തേക്ക് മാറ്റമില്ലാതെ തുടരുമെങ്കിലും യാത്രക്കാർക്ക് ഇത് വലിയ സാമ്പത്തിക ബാധ്യതയാകും. വിമാനക്കമ്പനികളുടെ മൊത്തം പ്രവർത്തനച്ചെലവിന്റെ 60 ശതമാനവും ഇന്ധനത്തിനായി ചെലവാകുന്നതിനാൽ, വർദ്ധിച്ച ഈ ബാധ്യത ടിക്കറ്റ് നിരക്കുകളിലൂടെ യാത്രക്കാരിലേക്ക് കൈമാറാനാണ് സാധ്യത.



ഇറാൻഅമേരിക്ക യുദ്ധവും ആഗോള വിപണിയിൽ ക്രൂഡ് ഓയിൽ വിലയിലുണ്ടായ വർദ്ധനവ് മൂലം വിമാന ഇന്ധന വിലയിലുണ്ടാകുന്ന അനിശ്ചിതത്വം ഒഴിവാക്കാനാണ് നടപടി. ഇതിനായി സർക്കാർ 10,000 കോടി രൂപയുടെ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. അടുത്ത മൂന്ന് വർഷത്തേക്ക് ഇന്ധന വില സ്ഥിരമായി നിശ്ചയിക്കുന്നതിലൂടെ വിമാനക്കമ്പനികൾക്ക് ഇന്ധനച്ചെലവിൽ കൃത്യത നൽകാനാണ് ഈ സംവിധാനം ലക്ഷ്യമിടുന്നത്. ആഗോളതലത്തിൽ ഇന്ധനവില നിശ്ചിത പരിധിയിലും ഉയർന്നാൽ കമ്പനികൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകും. എന്നാൽ വില കുറഞ്ഞാൽ അതിന്റെ ഗുണം യാത്രക്കാർക്ക് നൽകാതെ സർക്കാർ തിരിച്ചെടുക്കുന്ന രീതിയാണിതെന്നും ആക്ഷേപമുണ്ട്.

പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ മൂലം ഇന്ധനവില വർദ്ധിച്ചതോടെ എയർ ഇന്ത്യയും ഇൻഡിഗോയും ഉൾപ്പെടെയുള്ള പ്രമുഖ ആഭ്യന്തര വിമാനക്കമ്പനികൾ ജൂൺ ഒന്ന് മുതൽ തങ്ങളുടെ സർവീസുകൾ വെട്ടിക്കുറയ്ക്കാൻ നിർബന്ധിതരായിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന പ്രവർത്തനച്ചെലവ് മുഴുവനായും ടിക്കറ്റ് നിരക്കിലൂടെ യാത്രക്കാരിൽ നിന്ന് ഈടാക്കാൻ പരിമിതികളുള്ളതിനാലാണ് പല കമ്പനികളും സർവീസുകൾ നിർത്തലാക്കുന്നത്. ഇന്ത്യൻ വിമാന യാത്ര വിപണിയുടെ 90 ശതമാനവും കൈയാളുന്ന ഈ രണ്ട് കമ്പനികളുടെയും തീരുമാനം യാത്രക്കാരെ സാരമായി ബാധിക്കും. രാജ്യത്തെ ആഭ്യന്തര വിമാന ഗതാഗതത്തെ ഇത് വലിയ തോതിൽ പിന്നോട്ടടിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

പുതിയ റിപ്പോർട്ടുകൾ പ്രകാരം, എയർ ഇന്ത്യ തങ്ങളുടെ ആഭ്യന്തര സർവീസുകളിൽ 22 ശതമാനം വരെ വെട്ടിക്കുറയ്ക്കാൻ സാധ്യതയുണ്ടെന്ന് ന്യൂസ് 18 റിപ്പോർട്ട് ചെയ്യുന്നു. അതേ സമയം ഇൻഡിഗോ തങ്ങളുടെ സേവനങ്ങളിൽ അഞ്ച് മുതൽ ഏഴ് ശതമാനം വരെ കുറവ് വരുത്താനാണ് പദ്ധതിയിടുന്നത്. പ്രധാന വിമാനക്കമ്പനികളുടെ ഈ പിന്മാറ്റം വിമാനടിക്കറ്റുകളുടെ ലഭ്യത കുറയ്ക്കാനും ബാക്കിയുള്ള സീറ്റുകൾക്ക് അമിത വില ഈടാക്കാനും കാരണമായേക്കും. ഇന്ധനവില നിയന്ത്രിക്കാനുള്ള സർക്കാർ ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും വിമാന സർവീസുകളുടെ എണ്ണത്തിൽ ഇത്രയും വലിയ കുറവുണ്ടാകുന്നത് വരും ദിവസങ്ങളിൽ യാത്രക്കാർക്ക് വലിയ വെല്ലുവിളിയായി മാറും.

## ഉയർന്ന സ്വർണ ഇറക്കുമതി തീരുവ; കള്ളക്കടത്തിനു കാരണമാകുമെന്ന് ഡീലർമാർ

**മുംബൈ:** ഇന്ത്യ സ്വർണ ഇറക്കുമതി തീരുവ കുത്തനെ കൂട്ടിയത് കള്ളക്കടത്ത് വീണ്ടും വർധിക്കാൻ കാരണമാകുന്നുവെന്നും, ഈ വർഷം ഇത് 100 മെട്രിക് ടണ്ണിലധികം ഉയർന്നേക്കാമെന്നും വ്യവസായ പ്രമുഖരും ബുള്ളിയൻ ഡീലർമാരും പറഞ്ഞു.

സമാന്തര വിപണിയിലെ (ഗ്രേ മാർക്കറ്റ്) ലാഭം കുതിച്ചുയരുന്നതിലൂടെ, ബാങ്കുകളേക്കാളും സ്വർണ ശുദ്ധീകരണശാലകളേക്കാളും (റിഫൈനറികൾ) കുറഞ്ഞ വിലയ്ക്ക് സ്വർണം നൽകാൻ കള്ളക്കടത്തുകാർക്ക് സാധിക്കുന്നുണ്ടെന്ന് വ്യവസായ പ്രമുഖരും ബുള്ളിയൻ ഡീലർമാരും പറഞ്ഞു.

ചൈനയ്ക്കുശേഷം ലോകത്തിലെ ഏറ്റവും വലിയ സ്വർണ വിപണിയായ ഇന്ത്യ, സ്വർണത്തിന്റെ ആവശ്യകത കുറയ്ക്കാനും വ്യാപാര കമ്മി പരിഹരിക്കാനും രൂപയുടെ മൂല്യത്തകർച്ച തടയാനുമായി മേയ് മാസത്തിൽ ഇറക്കുമതി തീരുവ ഇരട്ടിയിലധികമായി (15 ശതമാനമായി) വർധിപ്പിച്ചിരുന്നു. എന്നാൽ, ഈ നടപടി കള്ളക്കടത്തുകാർക്ക് പുതിയൊരു അവസരമാണ് ഒരുക്കിക്കൊടുത്തത്.

നിയമപരമായ മാർഗങ്ങളിലൂടെ സ്വർണം ഇറക്കുമതി ചെയ്യുന്നവർക്ക് നൽകാൻ കഴിയാത്തത്ര കുറഞ്ഞ വിലയിൽ സ്വർണം വിൽക്കാൻ ഇതിലൂടെ കള്ളക്കടത്തുകാർക്ക് സാധിക്കുന്നുണ്ടെന്ന് അവർ വ്യക്തമാക്കി. ഗ്രേ മാർക്കറ്റ് ഡിസ്കൗണ്ട് ഒരു ഔൺസിന് 200 ഡോളറിന് മുകളിൽ, അതായത് നാലു ശതമാനത്തിലധികം ആയിട്ടുണ്ടെന്ന് മുംബൈ ആസ്ഥാനമായുള്ള ഒരു സ്വകാര്യ സ്വർണ ഇറക്കുമതി ബാങ്കിൻറെ ബുള്ളിയൻ വിഭാഗം മേധാവി പറഞ്ഞു. ബാങ്കുകൾക്ക് മൂന്നക്ക ഡിസ്കൗണ്ട് പോയിട്ട് 10 ഡോളർ ഡിസ്കൗണ്ട് പോലും നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സമാന്തര വിപണിയിലുണ്ടായ ഈ സമീപകാല വളർച്ച സൂചിപ്പിക്കുന്നത് 2026ൽ നിയമവിരുദ്ധമായ സ്വർണ ഇറക്കുമതി 100 ടൺ കടന്നേക്കാമെന്നാണെന്ന് മറ്റൊരു ഡീലറും വ്യക്തമാക്കി.

നിലവിലെ വിലയനുസരിച്ച്, 100 ടൺ സ്വർണത്തിന് ഏകദേശം 14.35 ബില്യൺ ഡോളർ മൂല്യമുണ്ടാകും. ഇതിലൂടെ സർക്കാരിന് ഏകദേശം 2.65 ബില്യൺ ഡോളറിന്റെ ഇറക്കുമതി തീരുവയും വില്പന നികുതിയും നഷ്ടമാകും എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ഇറക്കുമതി തീരുവയും ചരക്ക് സേവന നികുതിയും (ജിഎസ്ടി) ഉൾപ്പെടെ ആകെ 18.45% വരുന്ന നികുതികൾ നൽകാത്തതിനാലാണ് കള്ളക്കടത്തുകാർക്ക് ഇത്രയും വലിയ ഡിസ്കൗണ്ടുകൾ നൽകാൻ സാധിക്കുന്നതെന്ന് ബുള്ളിയൻ ഡീലർമാർ പറഞ്ഞു.

ഏകദേശം ഒരു ഐഫോണിൻറെ അത്രമാത്രം വലിപ്പമുള്ള ഒരു കിലോഗ്രാമിൻറെ സ്വർണക്കട്ടി രാജ്യത്തേക്ക് കടത്തുമ്പോൾ 25 ലക്ഷത്തിലധികം രൂപയുടെ (26,121.25 ഡോളർ) ലാഭമാണ് ലഭിക്കുന്നത്.

## ജി7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഡൊണാൾഡ് ട്രംപും ഫ്രാൻസിൽ കൂടിക്കാഴ്ച നടത്തിയേക്കും

**ന്യൂഡൽഹി:** ഫ്രാൻസിൽ വെച്ച് നടക്കുന്ന ജി7 ഉച്ചകോടിയുടെ ഭാഗമായി ജൂൺ 16,17 തീയതികളിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും തമ്മിൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്താൻ സാധ്യതയുണ്ടെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

ഫ്രാൻസിലെ എവിയാനിൽ വെച്ച് നടക്കുന്ന ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇരുനേതാക്കളും എത്തുന്നതോടെയാണ് നേരിട്ടുള്ള ചർച്ചകൾക്ക് വഴിതുറക്കുന്നത്. എങ്കിലും ഈ കൂടിക്കാഴ്ച ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ലെന്നും ഉച്ചകോടിക്കിടെയുള്ള ഇരുരുടെയും സമയക്രമങ്ങളും മറ്റ് ഔദ്യോഗിക പരിപാടികളും വിലയിരുത്തിയ ശേഷമേ അന്തിമ തീരുമാനം ഉണ്ടാകൂ എന്നും സ്രോതസ്സുകൾ വ്യക്തമാക്കി. ജൂൺ 13 മുതൽ 18 വരെ ഫ്രാൻസ്, സ്ലൊവാക്യ എന്നീ രാജ്യങ്ങളിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന ആറു ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായാണ് ഈ കൂടിക്കാഴ്ചയ്ക്കുള്ള സാധ്യത ഒരുങ്ങുന്നത്. ഗവൺമെന്റ് വാർത്താക്കുറിപ്പ് അനുസരിച്ച്, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുന്നതിനായി ജൂൺ 1314 തീയതികളിൽ പ്രധാനമന്ത്രി നൈസ് സന്ദർശിക്കും. ഈ കൂടിക്കാഴ്ചയിൽ ഇരുനേതാക്കളും ഇന്ത്യഫ്രാൻസ് ബന്ധത്തിന്റെ എല്ലാ വശങ്ങളും അടുത്തിടെ ഉയർത്തിയ പ്രത്യേക ആഗോള തന്ത്രപ്രധാന പങ്കാളിത്തത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തും.






# ഓവർലോഡ് കേസുകളിൽ മോട്ടോർ വാഹന വകുപ്പിന് അനുകൂല വിധി; 3.43 ലക്ഷം രൂപ പിഴ ഈടാക്കാൻ ഉത്തരവ്

**കൊച്ചി:** അനുവദനീയമായ പരിധിയിൽ കൂടുതൽ ഭാരം കയറ്റി സർവീസ് നടത്തിയ വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച നടപടികൾ ശരിവെച്ച് കോടതി.

എറണാകുളം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മോട്ടോർ വാഹന വകുപ്പ് രജിസ്റ്റർ ചെയ്ത നാല് ഓവർലോഡ് കേസുകളിലായി ആകെ 3,43,500 രൂപ പിഴ വിധിച്ചു.

അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മേരി ബിന്ദു ഫെർണാണ്ടസ് അധ്യക്ഷയായ ബെഞ്ചാണ് വിധി പ്രസ്താവിച്ചത്. വാഹന ഉടമകളിൽ നിന്ന് 1,71,000 രൂപയും ഡ്രൈവർമാരിൽ നിന്ന് 1,72,500 രൂപയും പിഴയായി ഈടാക്കും.

ഒന്നാമത്തെ കേസിൽ K-L35J9824 നമ്പർ വാഹനത്തിന്റെ ഉടമയ്ക്കും ഡ്രൈവർക്കും 56,000 രൂപ വീതം ആകെ 1,12,000 രൂപയും, രണ്ടാമത്തെ കേസിൽ KL52R1006 നമ്പർ വാഹനത്തിന്റെ ഉടമയ്ക്കും ഡ്രൈവർക്കും 64,000 രൂപ വീതം ആകെ 1,28,000 രൂപയും, മൂന്നാമത്തെ കേസിൽ KL17W6382 നമ്പർ വാഹനത്തിന്റെ ഉടമയ്ക്കും ഡ്രൈവർക്കും 42,000 രൂപ വീതം ആകെ 84,000 രൂപയും, നാലാമത്തെ കേസിൽ KL07BY657 നമ്പർ വാഹനത്തിന്റെ ഉടമയ്ക്ക് 9,000 രൂപയും ഡ്രൈവർക്ക് 10,500 രൂപയും ഉൾപ്പെടെ ആകെ 19,500 രൂപയുമാണ് പിഴ ചുമത്തിയിരിക്കുന്നത്.

അനുവദനീയമായ പരിധിയേക്കാൾ അധികഭാരം കയറ്റി ചരക്ക് ഗതാഗതം നടത്തിയാൽ റോഡ് സുരക്ഷയ്ക്ക് ഭീഷണിയാകുമെന്നതിനാൽ ഇത്തരം നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നടപടി തുടരുമെന്ന് അധികൃതർ അറിയിച്ചു.

നിയമലംഘനങ്ങൾ നടത്തുന്ന വാഹന ഉടമകൾക്കും ഡ്രൈവർമാർക്കുമെതിരെ വരും ദിവസങ്ങളിലും പരിശോധനകൾ ശക്തമാക്കാനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനും തീരുമാനിച്ചതായി എറണാകുളം ആർ.ടി.ഒ എൻഫോഴ്സ്മെന്റ് അറിയിച്ചു.

# ചന്ദർ കുഞ്ച് ആർമി ഫ്ളാറ്റ് പൊളിക്കൽ: കരാർ ഒപ്പിടാൻ ഒരാഴ്ച സമയം

**കൊച്ചി:** വൈറ്റില സിൽവർ സാൻഡ് ഐലൻഡിലെ ചന്ദർ കുഞ്ച് ആർമി ടവേഴ്സ് ഫ്ലാറ്റ് സമുച്ചയം പൊളിച്ചുനീക്കുന്നതിനുള്ള കരാർ ഒപ്പിടാൻ ആർമി വെൽഫെയർ ഹൗസിംഗ് ഓർഗനൈസേഷന് (എ.ഡബ്ല്യു.എച്ച്. ഒ) ഒരാഴ്ച സമയം നൽകി ജില്ലാ ഭരണകൂടം.

ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിലുള്ള വിദഗ്ധസമിതിയുടെ പ്രത്യേക യോഗത്തിൽ ആയിരുന്നു തീരുമാനം.

ഫ്ലാറ്റ് പൊളിക്കൽ സമയബന്ധിതമായി പൂർത്തിയാക്കണം. ജില്ലാ ഭരണകൂടം തയ്യാറാക്കിയ കരാറിന്റെ കരട് എ.ഡബ്ല്യു.എച്ച്.ഒയ്ക്ക് കൈമാറിയിട്ടുണ്ട്. ഒരാഴ്ചയ്ക്കകം ഇതിൽ ഒപ്പുവെക്കണം. അല്ലെങ്കിൽ ഫ്ലാറ്റ് പൊളിക്കുന്നതിനുള്ള മുഴുവൻ തുകയും ജി.എസ്.ടി. സഹിതം എ.ഡബ്ല്യു.എച്ച്.ഒ. മുൻകൂറായി ഒടുക്കണം. ഈ തുക ഉപയോഗിച്ച് ജില്ലാ ഭരണകൂടം നേരിട്ടായിരിക്കും ഫ്ലാറ്റ് പൊളിക്കുക. ഇതുസംബന്ധിച്ച് കളക്ടർ അധ്യക്ഷയായ സമിതിയുടെ പേരിലും ദുരന്തനിവാരണ നിയമപ്രകാരവുമുള്ള രണ്ട് ഉത്തരവുകൾ പുറത്തിറക്കും. ഒരാഴ്ചയ്ക്കകം അനുകൂല നിലപാട് ഉണ്ടായില്ലെങ്കിൽ എ.ഡബ്ല്യു.എച്ച്.ഒയ്ക്ക് എതിരെ കോടതി അലക്ഷ്യത്തിന് നിയമനടപടി സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.



പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ തിരഞ്ഞെടുക്കാൻ പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകുന്നതിനായി അഞ്ച് ലക്ഷം രൂപ ഒരാഴ്ചയ്ക്കകം നൽകാനും എ.ഡബ്ല്യു.എച്ച്. ഒയ്ക്ക് നിർദ്ദേശം നൽകി.

ഫ്ലാറ്റ് ഉടമകൾക്കുള്ള വാടക തുക മുൻകൂറായി നൽകാനും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. രേഖകളുടെ കുറവ് ചൂണ്ടിക്കാട്ടി 24 ഉടമകൾക്ക് വാടക നിഷേധിച്ചിട്ടുണ്ട്. ഇവരുടെ രേഖകൾ പരിശോധിക്കാൻ ജൂൺ 15ന് ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേരും. 24 കേസുകളും പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

ഉടമകളിൽ നിന്ന് ഫ്ലാറ്റുകളുടെ താക്കോൽ തിരികെ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ എ.ഡബ്ല്യു.എച്ച്. ഒയും ഫ്ലാറ്റ് ഉടമകളും 15 ദിവസത്തിനകം സംയുക്ത ചർച്ച നടത്തണം. ഇതിനു ശേഷവും പരിഹരിക്കപ്പെടാത്ത കേസുകളിൽ ബന്ധപ്പെട്ട തഹസിൽദാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും കളക്ടർ വ്യക്തമാക്കി.

ഗുരുതരമായ ഘടനാപരമായ തകരാറുകളെ തുടർന്ന് ഫ്ലാറ്റ് സമുച്ചയത്തിലെ ബി, സി ടവറുകൾ പൊളിച്ചുനീക്കാനും ഫ്ലാറ്റ് സമുച്ചയം പുനർനിർമ്മിക്കാനും ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

കാക്കനാട് കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ വി.ഇ അബ്ബാസ്, എ.ഡബ്ല്യു.എച്ച്. ഒ പ്രതിനിധികൾ, ഫ്ലാറ്റ് ഉടമകളുടെ അസോസിയേഷൻ പ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഇന്നത്തെ പരിപാടി

### കൊച്ചി

**വടുതല സെന്റ് ആന്റണീസ് ദേവാലയം:** വിശുദ്ധ അന്തോണീസിന്റെ തിരുനാൾ. വൈകിട്ട് 5.30 ന് ഫാ. പോൾസൺ സിമേതിയുടെ കാർമ്മികത്വത്തിൽ ദിവ്യബലി. രാത്രി 7ന് ഏലിയാവ് ഡിജിറ്റൽ ഡ്രാമ.

**ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം:** പുസ്തകവിചാരം 'കലാച്ചി' വൈകിട്ട് 6ന്

### കോതമംഗലം

**കോതമംഗലം കലാ ഓഡിറ്റോറിയം:** യു.ഡി.എഫ് പ്രവർത്തകരുടെ സ്നേഹസംഗമം വിജയാരവം 2026 രാവിലെ 11ന്.

### പറവൂർ

**കിഴക്കേപ്രം ഗവ. യു പി സ്കൂൾ:** പാർടൈം ഹിന്ദി അധ്യാപികയുടെ താൽക്കാലിക ഒഴിവിലേക്കുള്ള അഭിമുഖം രാവിലെ 10ന്.

### വാരപ്പുഴ

**കോതാട് തിരുഹൃദയ ദേവാലയം:** 145 മത് ദർശന തിരുനാൾ വൈകിട്ട് 5ന് ദിവ്യബലിയിൽ ഫാ. ജോസഫ് ബിജു തട്ടാരശ്ശേരി കാർമ്മികത്വം വഹിക്കും.

**ചേന്നൂർ സെന്റ് ആന്റണീസ് ദേവാലയം:** വിശുദ്ധ അന്തോണിസിന്റെ മദ്ധ്യസ്ഥതിരുനാൾ വൈകിട്ട് 5ന് ഫാ ലിപിൻ തോമസിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യഹബലി.

## സൗജന്യ റേഷൻ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ജൂൺ 9 മുതൽ ജൂലൈ 31 വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്ന ട്രോളിംഗ് നിരോധനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യബന്ധന ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും, പീലിംഗ് ഷെഡുകളിൽ ജോലി ചെയ്യുന്ന അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു.

വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം 2026 ജൂൺ 15നകം എറണാകുളം, മുനമ്പം, ചെല്ലാനം, ഞാറക്കൽ എന്നീ മത്സ്യഭവൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം റേഷൻ കാർഡിന്റെ പകർപ്പ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ് ബുക്കിന്റെ പകർപ്പ്, മത്സ്യബന്ധന യാനം / പീലിംഗ് ഷെഡ് ഉടമയുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കണം. ഫോൺ: 04842394476

## മഹാരാജാസ് കോളേജിൽ പി.ജി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിൽ വിവിധ ബിരുദാനന്തര ബിരുദ (ജ.ഏ.) പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിച്ചു. കോളേജിലെ ഇന്റെഗ്രേറ്റഡ് പി ജി ഇൻ ആർക്കിയോളജി ആന്റ് മെറ്റീരിയൽ കൾച്ചറൽ സ്റ്റഡീസിന്റെ ഏഴാം സെമസ്റ്ററിലേക്കുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ കോളേജ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. ജൂൺ 20 ആണ് അപേക്ഷിക്കാനുള്ള അവസാന തീയതി.

## കെൽട്രോൺ കോഴ്സുകൾക്ക് ഫീസ് ഇളവ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ കോട്ടയം നാഗമ്പടത്തുള്ള നോളജ് സെന്ററിൽ വിവിധ അഡ്വാൻസ്ഡ് ടെക്നോളജി കോഴ്സുകൾക്ക് 10 ശതമാനം ഫീസ് ഇളവ് പ്രഖ്യാപിച്ചു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്ചൽ റിയാലിറ്റി, മിക്സഡ് റിയാലിറ്റി എന്നീ മേഖലകളിലെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ, പോസ്റ്റ് ഡിപ്ലോമ, ഡിപ്ലോമ കോഴ്സുകളിലേക്കാണ് പ്രവേശനം. 2026 ജൂൺ 30 വരെ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഈ ഫീസ് ഇളവ് ലഭിക്കുക.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ രേഖകൾ എന്നിവയുടെ പകർപ്പുകൾ സഹിതം കോട്ടയം നാഗമ്പടത്തുള്ള കേന്ദ്രത്തിൽ നേരിട്ടെത്തി രജിസ്റ്റർ ചെയ്യാം. ഫോൺ: 6282841772, 8590118698, 0481 2304031

മലയാളത്തിലെ ആദ്യ എ.ഐ സിനിമ

# നൈറ്റ് ഫാൾ ദി കൊച്ചി ഇൻവേഷൻ

## പ്രദർശനം ജൂൺ 12ന്

**കൊച്ചി :** നവാഗതനായ രമേഷ് ബാബു കഥയെഴുതി എ.ഐയുടെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംവിധാനം ചെയ്ത 'നൈറ്റ് ഫാൾ ദി കൊച്ചി ഇൻവേഷൻ' എന്ന സയൻസ് ഫിക്ഷൻ ആക്ഷൻ ത്രില്ലർ സിനിമ പ്രദർശനത്തിന് തയ്യാറായിരിക്കുന്നു.

ജൂൺ 12ന് കൊച്ചിയിലെ വനിത തിയേറ്ററിലാണ് പ്രിവ്യൂ ഷോ സംഘടിപ്പിച്ചിരിക്കുന്നത്. മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ എ.ഐ സിനിമ എന്ന ചരിത്ര നേട്ടം കൂടി നൈറ്റ് ഫാൾ ദി കൊച്ചി ഇൻവേഷൻ കരസ്ഥമാക്കി. പ്രമുഖ ഐ.ടി നിർമ്മാണ കമ്പനിയായ എസ്.എം.ബി.എസ് ഇൻഫോലാബാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ.

അത്യാധുനിക എ.ഐ ടൂളുകൾ ഉപയോഗിച്ച് ദൃശ്യങ്ങൾക്കും ശബ്ദത്തിനും പൂർണ്ണത നൽകിയിട്ടുള്ള ഈ ചിത്രം ഇന്ത്യൻ സിനിമാ ലോകത്തിന് തന്നെ ഒരു പുതിയ അനുഭവമായിരിക്കുമെന്ന് നിർമ്മാതാവ് ബിഡ്യ പൂവത്തിങ്കൽ പറഞ്ഞു. എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രമുഖ തിയേറ്റർ ആർട്ടിസ്റ്റും, സംവിധായകനുമായ ശശി നാരായൺ, വിമേഷ് വർഗീസ് എന്നിവരും പങ്കെടുത്തു.

## തീയതി നീട്ടി

**കൊച്ചി:** ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ എൻ.ആർ.ഐ (ചഞകെ) സീറ്റുകളിലേക്കുള്ള ഓൺലൈൻ പ്രവേശന അപേക്ഷാ തീയതി നീട്ടി.

താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ജൂൺ 15 വൈകുന്നേരം 4 മണി വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ഫീസായ 1000/ രൂപയുടെ പേയ്മെന്റ് വിവരങ്ങൾ അടങ്ങിയ അപേക്ഷയുടെ പ്രിന്റൗട്ട്, ആവശ്യമായ മറ്റ് അനുബന്ധ രേഖകൾ സഹിതം ജൂൺ 17 വൈകുന്നേരം 4 മണിക്ക് മുൻപായി പ്രവേശനം ആഗ്രഹിക്കുന്ന ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന് ലഭ്യമാക്കണം. ഫോൺ:8547005000

## സ്പോർട്സ് കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു

**കൊച്ചി:** സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു. സ്പോർട്സ് മാനേജ്മെന്റ്, ഫുട്ബോൾ മാനേജ്മെന്റ്, സ്പോർട്സ് എൻജിനീയറിങ്, സ്പോർട്സ് സൈക്കോളജി എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. പ്ലസ് ടു, ഡിഗ്രി, പോസ്റ്റ് ഗ്രാജുവേറ്റ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

## ലേലം

**കൊച്ചി:** പാമ്പാക്കുട സാമുദായിക ആരോഗ്യ കേന്ദ്രത്തിലെ ഉപയോഗശൂന്യമായി കിടക്കുന്ന എച്ച്.പി കെട്ടിടം പൊളിച്ചു നീക്കുന്നതിനായി ലേലം നടത്തുന്നു.

2026 ജൂൺ 15ന് പകൽ 12 മണിക്ക് മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലാണ് ലേലം നടക്കുക. പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേ ദിവസം ഉച്ചക്ക് 12 മണിക്ക് മുൻപായി ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ചേരണം. ഫോൺ:0484 2272300

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പി ജി ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത ഡിഗ്രി), പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത +2), ആറ് മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷക്ഷണിച്ചു. ഫോൺ: 7994449314

## പ്ലസ് വൺ സ്പോർട്സ് ക്വാട്ട പ്രവേശനം: സർട്ടിഫിക്കറ്റ് പരിശോധന

**കൊച്ചി:** എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 20262027 അധ്യയന വർഷത്തെ പ്ലസ് വൺ സ്പോർട്സ് ക്വാട്ട പ്രവേശനത്തിനായുള്ള സർട്ടിഫിക്കറ്റ് പരിശോധന ജൂൺ 10 മുതൽ 17 വരെ നടക്കും. കായിക താരങ്ങൾ https://hscap.kerala.gov.in/ എന്ന സൈറ്റിൽ കായിക മികവ് രെജിസ്റ്റർ ചെയ്തതിന് ശേഷം ലഭിക്കുന്ന പ്രിന്റ് ഔട്ടും ഒറിജിനൽ സ്പോർട്സ് സർട്ടിഫിക്കറ്റുകളും,സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ( 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളു) ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസിൽ നേരിട്ട് ഹാജരാ ക്കേണ്ടതും , സർട്ടിഫിക്കറ്റുകൾ സ്പോർട്സ് കൗൺസിൽ വെരിഫൈ ചെയ്ത ശേഷം സ്കോർ കാർഡ് കൈപ്പറ്റേതുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 04842367580 എന്ന നമ്പറിൽ ബന്ധപ്പെടുക.

## എംജി യൂണി: പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽഎൽബി (2025 അഡ്മിഷൻ റഗുലർ, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ത്രിവത്സര എൽഎൽബി (2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ 15 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 16 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 17 വരെയും അപേക്ഷ സ്വീകരിക്കും.

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ, ബി.കോം,ബിബിഎ എൽഎൽബി (ഓണേഴ്സ്) (2025 അഡ്മിഷൻ റഗുലർ, 2018 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ, ബി.കോം,ബിബിഎ എൽഎൽബി (ഓണേഴ്സ്) (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ 15 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 16 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 17 വരെയും അപേക്ഷ സ്വീകരിക്കും.



# പുതുവൈപ്പ് ബീച്ചിൽനിന്ന് 300 കിലോ മാലിന്യം നീക്കം ചെയ്ത് സിഎംഎഫ്ആർഐ

**കൊച്ചി:** ലോക സമുദ്രദിനാചരണത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐ നടത്തിയ ശുചീകരണത്തിൽ പുതുവൈപ്പ് ബീച്ചിൽ നിന്നും നീക്കം ചെയ്തത് 300 കിലോയിലേറെ മാലിന്യം.

സഞ്ചാരികളും പ്രദേശവാസികളും വൻതോതിൽ എത്തുന്ന പുതുവൈപ്പ് ബീച്ചിൽ പ്ലാസ്റ്റിക് കുപ്പികൾ, ഭക്ഷണപ്പൊതികളുടെ അവശിഷ്ടങ്ങൾ, ഉപേക്ഷിക്കപ്പെട്ട വള്ളങ്ങളുടെയും വലകളുടെയും ഭാഗങ്ങൾ തുടങ്ങിയ മാലിന്യങ്ങളാണ് അടിഞ്ഞുകൂടിയിരുന്നത്. സിഎംഎഫ്ആർഐ സംഘം ഇവ ശേഖരിക്കുകയും തരംതിരിച്ച് മാറ്റുകയും ചെയ്തു.

സിഎംഎഫ്ആർഐയുടെ മറൈൻ ബയോഡൈവേഴ്സിറ്റി എൻവയോൺമെന്റ് ആൻഡ് മാനേജ്മെന്റ് വിഭാഗത്തിലെ ജീവനക്കാരും ഗവേഷക വിദ്യാർത്ഥികളുമാണ് ശുചീകരണത്തിന് നേതൃത്വം നൽകിയത്.

കടൽ മലിനീകരണത്തിനെതിരെ പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും ഉത്തരവാദിത്തത്തോടെയുള്ള മാലിന്യ സംസ്കരണ ശീലങ്ങൾ വളർത്തുകയുമായിരുന്നു ലക്ഷ്യം.

തീരദേശ പരിസ്ഥിതിക്കും കടൽ ജീവികൾക്കും പൊതുജനാരോഗ്യത്തിനും പ്ലാസ്റ്റിക് അടക്കമുള്ള സമുദ്ര മാലിന്യങ്ങൾ ഉയർത്തുന്ന ഭീഷണി അതീവ ഗുരുതരമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി.

# എ.ഐ സാങ്കേതികവിദ്യയുമായി ഗോ കാമ്പസ്

*വിദ്യാർത്ഥികൾക്കായി രാജ്യത്തെ ആദ്യ 'ട്വൽത്ത് പ്ലസ് ഡോട്ട്കോം' കരിയർ ഫൈൻഡർ കിയോസ്ക് കളമശ്ശേരി രാജഗിരി സ്കൂളിൽ നാളെ ഉദ്ഘാടനം ചെയ്യും*




**കൊച്ചി:** അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികളുടെ കരിയർ സ്വപ്നങ്ങൾക്ക് കൃത്യമായ ദിശാബോധം നൽകാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ) കരുത്തുമായി ബംഗളൂരു ആസ്ഥാനമായുള്ള പ്രമുഖ സ്റ്റാർട്ടപ്പ് കമ്പനി 'ഗോ കാമ്പസ്'. കുട്ടികളുടെ യഥാർത്ഥ അഭിരുചികൾ തിരിച്ചറിഞ്ഞ് അനുയോജ്യമായ ഉപരിപഠന മേഖല കണ്ടെത്താൻ സഹായിക്കുന്ന 'ട്വൽത്ത് പ്ലസ് ഡോട്ട്കോം' (12thplus.com) എ.ഐ അധിഷ്ഠിത കരിയർ ഫൈൻഡർ കിയോസ്ക് നാളെ (12.06.2026, വെള്ളി) കളമശ്ശേരി രാജഗിരി സ്കൂളിൽ ഉദ്ഘാടനം ചെയ്യും.

പ്ലസ്ടുവിന് ശേഷം എന്ത് പഠിക്കണം എന്ന കാര്യത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുണ്ടാകുന്ന ആശങ്കകൾക്ക് പൂർണ്ണ പരിഹാരമേകുന്നതാണ് ഈ അത്യാധുനിക സംവിധാനം. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് മുൻപ് തന്നെ എൻജിനീയറിങ്, മെഡിക്കൽ, ലോ, കൊമേഴ്സ്, ഡിസൈൻ, ആർട്സ് തുടങ്ങി വിവിധ മേഖലകളിൽ തങ്ങൾക്കുള്ള താല്പര്യം കൃത്യമായി വിശകലനം ചെയ്യാൻ ഇതിലൂടെ സാധിക്കും. കൂടാതെ സ്വദേശത്തെയും വിദേശത്തെയും വൈവിധ്യമാർന്ന കോഴ്സുകൾ, മികച്ച കാമ്പസുകൾ, അഡ്മിഷൻ ഗൈഡൻസ്, ഫീസ് ഘടന, ജോലി സാധ്യതകൾ എന്നിവയ്ക്ക് പുറമെ നീറ്റ് ജെ.ഇ.ഇ തുടങ്ങിയ മുഴുവൻ പ്രവേശന പരീക്ഷകളുടെയും ഫോർമാറ്റ്, തീയതികൾ, സീറ്റ് ലഭ്യത എന്നിവയെല്ലാം വിരൽത്തുമ്പിൽ ലഭ്യമാകും.

കേരളത്തിൽ ആദ്യമായാണ് ഇത്തരമൊരു കിയോസ്ക് സ്ഥാപിക്കുന്നതെന്നും, വരുംദിവസങ്ങളിൽ കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും എല്ലാ സ്കൂളുകളിലേക്കും ഈ സേവനം വ്യാപിപ്പിക്കുമെന്നും ഗോ കാമ്പസ് ഡയറക്ടർ സന്തോഷ് ശേഖർ, പ്രൊജക്ട് മേധാവി ജെസ്വിൻ ഷാജു, ഓപ്പറേഷൻസ് മേധാവി വിപിൻ വിജയരാഘവൻ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

# വിപണിയിൽ വൻ കുതിപ്പുമായി എഐ+; വിറ്റഴിച്ചത് 3 ലക്ഷം സ്മാർട്ട്ഫോണുകൾ

ഇന്ത്യൻ സ്മാർട്ട്ഫോൺ വിപണിയിൽ ചുരുങ്ങിയ കാലം കൊണ്ട് വൻ മുന്നേറ്റവുമായിഎഐ പ്ലസ് . 2026 മേയ് മാസത്തിൽ മാത്രം മൂന്ന് ലക്ഷത്തിലധികം സ്മാർട്ട്ഫോണുകൾ വിറ്റഴിച്ചതായും 350 കോടി രൂപയിലധികം വരുമാനം നേടിയതായും കമ്പനി ഔദ്യോഗികമായി പ്രഖ്യാപിച്ചു.

അത്യാധുനിക സാങ്കേതികവിദ്യയും ആകർഷകമായ വിലയും സമന്വയിപ്പിച്ചുകൊണ്ട് ഇന്ത്യൻ ഉപഭോക്താക്കൾക്കായി പുതിയൊരു സ്മാർട്ട്ഫോൺ അനുഭവം ഒരുക്കുക എന്ന എഐ പ്ലസിന്റെ കാഴ്ചപ്പാടിന് ലഭിച്ച വലിയൊരു അംഗീകാരമായാണ് ഈ നേട്ടം വിലയിരുത്തപ്പെടുന്നത്.

ഈ വർഷം ഏപ്രിൽ മാസത്തിൽ കമ്പനി വിപണിയിലിറക്കിയ 'എഐ പ്ലസ് നോവ 2', 'നോവ 2 അൾട്രാ', 'നോവ ഫ്ലിപ്പ്' എന്നീ മോഡലുകളുടെ വൻ വിജയമാണ് മേയ് മാസത്തിലെ ഈ റെക്കോർഡ് കുതിപ്പിന് പ്രധാന കാരണമായത്. നവീനതയും മികച്ച രൂപകൽപ്പനയും മൂല്യവും ആഗ്രഹിക്കുന്ന ഇന്ത്യൻ ഉപഭോക്താക്കൾ ഈ പുതിയ ഫോണുകളെ ഇരുകൈയും നീട്ടിയാണ് സ്വീകരിച്ചത്.

ഒരു മാസത്തിനുള്ളിൽ മൂന്ന് ലക്ഷത്തിലധികം ഫോണുകൾ വിൽക്കുകയെന്നതും 350 കോടിയിലധികം വരുമാനം നേടുകയെന്നതും വെറുമൊരു ബിസിനസ്സ് വിജയം മാത്രമല്ലെന്നും അതിനേക്കാൾ വലിയൊരു മുന്നേറ്റത്തിന്റെ തെളിവാണെന്നും എഐ പ്ലസ് സ്മാർട്ട്ഫോൺ സിഇഒയും നെക്സ്റ്റ്ക്വാണ്ടം ഷിഫ്റ്റ് ടെക്നോളജീസ് സ്ഥാപകനുമായ മാധവ് ഷേത്ത് വ്യക്തമാക്കി.

ലക്ഷ്യം കേവലം സ്മാർട്ട്ഫോണുകൾ വിൽക്കുക എന്നതുമാത്രമല്ല, മറിച്ച് രാജ്യത്തെ കോടിക്കണക്കിന് ആളുകൾക്ക് സാങ്കേതികവിദ്യ കൂടുതൽ സുതാര്യവും വിശ്വസനീയവുമായി ലഭ്യമാക്കിക്കൊണ്ട് ഡിജിറ്റൽ വിടവ് നികത്തുക എന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ ലക്ഷ്യത്തിലേക്കുള്ള യാത്രയുടെ തുടക്കം മാത്രമാണിതെന്നും അദ്ദേഹം പറഞ്ഞു.

എഐ പ്ലസ്, മികച്ച ഡിവൈസുകളിലൂടെയും ഉപഭോക്തൃ സൗഹൃദ പങ്കാളിത്തങ്ങളിലൂടെയും ശക്തമായ ഒരു ഇക്കോസിസ്റ്റം രാജ്യത്ത് കെട്ടിപ്പടുക്കാനാണ് ശ്രമിക്കുന്നത്. നിലവിൽ ജനപ്രിയ മോഡലുകളായ എഐ പ്ലസ് നോവ 2 പരമ്പരയിലെ സ്മാർട്ട്ഫോണുകൾ പ്രമുഖ ഇകോമേഴ്സ് പ്ലാറ്റ്ഫോമായ ഫ്ലിപ്കാർട്ട് വഴിയും ഇന്ത്യയിലുടനീളമുള്ള തിരഞ്ഞെടുത്ത റീട്ടെയിൽ ഔട്ട്ലെറ്റുകൾ വഴിയും ഉപഭോക്താക്കൾക്ക് സ്വന്തമാക്കാവുന്നതാണ്.




## ഐഫോണുകളിൽ ഇനി മിന്നൽ വേഗം

# അപ്ഡേറ്റഡ് ലിക്വിഡ് ഗ്ലാസ് ഡിസൈനും സിരി എഐയുമായി ഐഒഎസ് 27

ആപ്പിളിന്റെ വാർഷിക ഡെവലപ്പർ കോൺഫറൻസായ ഡബ്ല്യുഡബ്ല്യുഡിസി 2026ൽ ഐഫോൺ ഉപയോക്താക്കൾക്കായി പുത്തൻ ഐഒഎസ് 27 അപ്ഡേറ്റ് ഔദ്യോഗികമായി പ്രഖ്യാപിച്ചു. മുൻപത്തെ പതിപ്പുകളിൽ നിന്ന് വ്യത്യസ്തമായി വലിയ ഡിസൈൻ മാറ്റങ്ങൾക്ക് മുതിരാതെ, ഐഫോണുകളുടെ പ്രവർത്തന വേഗത വർദ്ധിപ്പിക്കുന്നതിനും ഉപയോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനുമാണ് ഇത്തവണ ആപ്പിൾ മുൻഗണന നൽകിയിരിക്കുന്നത്.

പുതുപുത്തൻ ലികീഡ് ഗ്ലാസ് ഇന്റർഫേസ്, അതീവ കാര്യക്ഷമതയുള്ള സിരി എഐ അസിസ്റ്റന്റ്, മെച്ചപ്പെട്ട പ്രകടനം എന്നിവയാണ് ഈ പുതിയ ഒഎസ് അപ്ഡേറ്റിന്റെ പ്രധാന സവിശേഷതകൾ. പുതിയ മാറ്റങ്ങൾ വഴി ആപ്പുകൾ തുറക്കുന്നതിന്റെ വേഗത ഗണ്യമായി വർദ്ധിക്കുമെന്നും ഫോട്ടോകൾ ലോഡ് ആകുന്നതും എയർഡ്രോപ്പ് വഴിയുള്ള ഫയൽ കൈമാറ്റവും മുൻപത്തേക്കാൾ വേഗത്തിലാകുമെന്നും ആപ്പിൾ വ്യക്തമാക്കി.

പഴയ മോഡലുകൾ ഉപയോഗിക്കുന്നവർക്കും സന്തോഷം നൽകുന്ന പ്രഖ്യാപനമാണ് ആപ്പിൾ നടത്തിയിരിക്കുന്നത്. ഐഫോൺ 11 മുതലുള്ള മോഡലുകളിൽ പുതിയ ഐഒഎസ് 27 അപ്ഡേറ്റ് ലഭ്യമാകും. ഐഫോൺ 11, ഐഫോൺ 11 പ്രോ, പ്രോ മാക്സ്, ഐഫോൺ 12 സീരീസ്, ഐഫോൺ 13 സീരീസ്, ഐഫോൺ 14 സീരീസ്, ഐഫോൺ 15 സീരീസ്, ഐഫോൺ 16 സീരീസ്, ഐഫോൺ 17, ഐഫോൺ എയർ, ഐഫോൺ 17 പ്രോ, പ്രോ മാക്സ് മോഡലുകളിലും ഈ അപ്ഡേറ്റ് ലഭിക്കും. കൂടാതെ ഐഫോൺ എസ്ഇ (രണ്ടാം തലമുറയോ അതിനു ശേഷമുള്ളതോ) മോഡലുകളിലും പുതിയ ഒഎസ് സപ്പോർട്ട് ചെയ്യും. സെപ്റ്റംബറിൽ പുറത്തിറങ്ങാനിരിക്കുന്ന പുതിയ ഐഫോണുകൾക്കൊപ്പമായിരിക്കും ഐഒഎസ് 27ന്റെ സ്റ്റേബിൾ പതിപ്പ് ഔദ്യോഗികമായി പുറത്തിറങ്ങുക.




സാധാരണ ഉപയോക്താക്കൾക്കായുള്ള പബ്ലിക് ബീറ്റാ പതിപ്പ് ഈ വർഷം വേനൽക്കാലത്ത് റിലീസ് ചെയ്യുമെങ്കിലും, ഡവലപ്പർമാർക്കായുള്ള ആദ്യ 'ഡെവലപ്പർ ബീറ്റാ 1' അപ്ഡേറ്റ് ആപ്പിൾ ഇപ്പോൾ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. പുതിയ ഫീച്ചറുകൾ നേരത്തെ പരീക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്ക് ആപ്പിളിന്റെ ഔദ്യോഗിക ബീറ്റാ വെബ്സൈറ്റ് വഴി സൈൻ അപ്പ് ചെയ്ത് തങ്ങളുടെ ആപ്പിൾ ഐഡി ഉപയോഗിച്ച് സൗജന്യമായി ഒരു ഡെവലപ്പർ അക്കൗണ്ട് നിർമ്മിക്കാവുന്നതാണ്.

ഇതേ അക്കൗണ്ട് ഉപയോഗിച്ച് ഐഫോണിൽ സൈൻ ഇൻ ചെയ്ത ശേഷം, സെറ്റിങ്സിലെ ജനറൽ വിഭാഗത്തിൽ പോയി സോഫ്റ്റ്വെയർ അപ്ഡേറ്റ് എടുത്താൽ 'ബീറ്റാ അപ്ഡേറ്റ്സ്' എന്ന ഓപ്ഷനിൽ നിന്നും ഈ പുതിയ ഡെവലപ്പർ ബീറ്റാ പതിപ്പ് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കും (ബീറ്റാ അപ്ഡേറ്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ മാത്രം ചെയ്യുക, ബീറ്റാ സോഫ്റ്റ്വെയറുകളിൽ നിരവധി സാങ്കേതിക തകരാറുകളും ബഗ്ഗുകളും ഉണ്ടാകാൻ വലിയ സാധ്യതയുണ്ട്. ഇത് നിങ്ങളുടെ ഫോണിന്റെ സാധാരണ പ്രവർത്തനത്തെ ബാധിച്ചേക്കാം.).



# വിപണി പിടിക്കാൻ ഐഫോൺ 18 പ്രോ മാക്സ്


ആപ്പിൾ ആരാധകരെയും പ്രീമിയം സ്മാർട്ട്ഫോൺ വിപണിയെയും ഒരേപോലെ ആവേശത്തിലാഴ്ത്തിക്കൊണ്ട് ഐഫോൺ 18 പ്രോ മാക്സിന്റെ ഏറ്റവും പുതിയ റിപ്പോർട്ടുകൾ പുറത്തുവന്നു. മുൻ തലമുറകളിൽ നിന്ന് വ്യത്യസ്തമായി, ഡിസൈനിലും പെർഫോമൻസിലും ക്യാമറ സാങ്കേതികവിദ്യയിലും ചരിത്രത്തിലെ ഏറ്റവും വലിയ ഹാർഡ്വെയർ അപ്ഗ്രേഡുകളുമായാണ് ഇത്തവണ ആപ്പിൾ എത്തുന്നത്. ഈ വർഷം സെപ്റ്റംബറിൽ നടക്കാനിരിക്കുന്ന ആപ്പിളിന്റെ മെഗാ ലോഞ്ച് ഇവന്റിൽ ഐഫോൺ 18 പ്രോ സീരീസിനൊപ്പം കമ്പനിയുടെ ആദ്യ മടക്കാവുന്ന ഫോണായ 'ഐഫോൺ ഫോൾഡ്' കൂടി അരങ്ങേറിയേക്കുമെന്നാണ് വിവരം. ചരിത്രത്തിലാദ്യം: 2nm പ്രൊസസ്സർ ഫോണിന്റെ പെർഫോമൻസ് അക്ഷരാർത്ഥത്തിൽ അപ്രാപ്യമായ തലത്തിലേക്ക് ഉയർത്താൻ പോകുന്നതാണ് ഇതിലെ പ്രൊസസ്സർ മാറ്റം. ടിഎസ്എംസിയുടെ അത്യാധുനിക 2nm (നാനോമീറ്റർ) പ്രോസസ്സ് സാങ്കേതികവിദ്യയിൽ നിർമ്മിക്കുന്ന ആപ്പിളിന്റെ ആദ്യ മൊബൈൽ ചിപ്പായ എ20 പ്രോ ആയിരിക്കും ഐഫോൺ 18 പ്രോ മാക്സിന് കരുത്തുപകരുക. മുൻ ചിപ്പുകളേക്കാൾ 15% വരെ വേഗതയേറിയ സിപിയു പ്രവർത്തനം. പവർ എഫിഷ്യൻസിയിൽ 30% വരെ വർദ്ധനവ്. ഇതിലൂടെ ഫോൺ ഒട്ടും ചൂടാകാതെ കൂടുതൽ ബാറ്ററി ലൈഫ് നൽകും. റാം കപ്പാസിറ്റി 12ജിബി ആയി ഉയർത്തും. പ്രൊസസ്സറും റാമും കൂടുതൽ അടുത്തുവെച്ചുള്ള പുതിയ പാക്കേജിങ് രീതി വഴി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫീച്ചറുകൾ റോക്കറ്റ് വേഗതയിൽ പ്രവർത്തിക്കും. ക്യാമറയിൽ വൻ വിപ്ലവം: മെക്കാനിക്കൽ വേരിയബിൾ അപ്പർച്ചർ ഫോട്ടോഗ്രാഫി പ്രേമികൾക്ക് ഏറ്റവും വലിയ സർപ്രൈസ് നൽകുന്നത് ഇതിന്റെ റിയർ ക്യാമറയാണ്. 48 മെഗാപിക്സലിന്റെ ട്രിപ്പിൾ ക്യാമറ സെറ്റപ്പിൽ മെക്കാനിക്കൽ വേരിയബിൾ അപ്പർച്ചർ സിസ്റ്റം ആപ്പിൾ പരീക്ഷിക്കുന്നുണ്ട്. സാംസങ്ങിന്റെ പുതിയ 3ലെയർ സ്റ്റാക്ക്ഡ് ഇമേജ് സെൻസർ കൂടി എത്തുന്നതോടെ, രാത്രികാലങ്ങളിലെ കുറഞ്ഞ വെളിച്ചത്തിലും നോയിസ് ഒട്ടുമില്ലാത്ത കൃത്യതയാർന്ന ചിത്രങ്ങളും മികച്ച ബോക്കെ ഇഫക്റ്റോടു കൂടിയ പോർട്രെയ്റ്റുകളും പകർത്താനാകും.

# ബാലൻ ദി ബോയ് ട്രെയ്‌ലർ പുറത്തിറങ്ങി

മലയാളത്തിലെ ഓൾ ടൈം ബ്ലോക്ക്ബസ്റ്റർ ഹിറ്റായ മഞ്ഞുമ്മൽ ബോയ്സിന് ശേഷം ചിദംബരം സംവിധാനം ചെയ്യുന്ന 'ബാലൻ ദി ബോയ്' എന്ന ചിത്രത്തിന്റെ ട്രെയിലർ പുറത്തിറങ്ങി. പ്രമുഖ താരങ്ങൾ അണിനിരക്കുന്ന ബാലൻ മലയാളം, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലായി ജൂൺ 19ന് തിയേറ്ററുകളിലെത്തും. വ്യക്തിത്വം, സ്വത്വം, അതിജീവനം എന്നീ വിഷയങ്ങളിൽ വേരൂന്നിയ, ആഴത്തിലുള്ള മാനുഷികവും വൈകാരികവുമായ തലങ്ങളിലൂടെ സഞ്ചരിക്കുന്ന സിനിമാനുഭവത്തിലേക്കുള്ള ഒരു നേർക്കാഴ്ചയാണ് ചിത്രത്തിന്റെ ട്രെയ്‌ലർ നൽകുന്നത്. ഏറെ ആകർഷകമായ ഈ ട്രെയ്‌ലർ, സപ്സെൻസ്, ത്രിൽ, ദുരൂഹത എന്നിവ നിറച്ചാണ് ഒരുക്കിയിരിക്കുന്നത്. മഞ്ഞുമ്മൽ ബോയ്സിന് ശേഷം ചിദംബരം ഒരുക്കുന്ന ചിത്രം എന്ന നിലയിലും പ്രേക്ഷകർ ഏറെ കാത്തിരിക്കുന്ന ചിത്രമാണ് ബാലൻ. ചിത്രത്തിന്റെ പുറത്തിറങ്ങിയ പോസ്റ്ററുകൾ സോഷ്യൽ മാധ്യമങ്ങൾ ശ്രദ്ധ നേടിയിരുന്നു. സുഷിൻ ശ്യാം ഒരുക്കിയ സംഗീതവും ട്രെലറിന്റെ ആകർഷക ഘടകമാണ്. സംവിധായകൻ ചിദംബരവും തിരക്കഥാകൃത്ത് ജിത്തു മാധവനും ഒന്നിക്കുന്ന ചിത്രമെന്ന പ്രത്യേകതയും ബാലൻ ദ ബോയ്ക്കുണ്ട്. രണ്ട് പ്രതിഭകളുടെയും കൂട്ടുകെട്ട് സിനിമാപ്രേമികൾക്കിടയിൽ വലിയ പ്രതീക്ഷയാണ് ഇപ്പോൾ നൽകുന്നത്. കെ.വി.എൻ പ്രൊഡക്ഷൻസും തെസ്പിയൻ ഫിലിംസും ചേർന്നാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്.

ഛായാഗ്രഹണം ഷൈജു ഖാലിദ്, സംഗീതം സുഷിൻ ശ്യാം. എഡിറ്റർ വിവേക് ഹർഷൻ, പ്രൊഡക്ഷൻ ഡിസൈനർ അജയൻ ചാലിശ്ശേരി, കാസ്റ്റിംഗ് ഡയറക്ടർ/ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ഗണപതി, വസ്ത്രാലങ്കാരം സപ്ന കാജാ റാവുത്തർ, മേക്കപ്പ് റോണക്സ് സേവ്യർ, ആർട്ട് ഡയറക്ടർ ഇന്ദുലാൽ കാവീട്, ഓഡിയോഗ്രഫി ഷിജിൻ മെൽവിൻ ഹട്ടൻ, അഭിഷേക് നായർ, അസ്സോസിയേറ്റ് പ്രൊഡ്യൂസഴ്സ് സുപ്രീത്, ധവൽ ജട്ടാനിയ, പൂജ ഷാ, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, അസ്സോസിയേറ്റ് ഡിറക്ടർസ് ബിനു ബാലൻ, എസ് കെ ശ്രീരാഗ്, കളറിസ്റ്റ് ശ്രീക് വാര്യർ, വിഎഫ്എക്സ് എഗ്ഗ് വൈറ്റ് വിഎഫ്എക്സ്, സ്റ്റിൽ ഫോട്ടോഗ്രാഫർ രോഹിത് കെ സുരേഷ്, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്സ്, പിആർഒ വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.



# ബെത്‌ലഹേം കുടുംബ യൂണിറ്റുമായി നിവിൻ പോളിയും മമിത ബൈജുവും

റൊമാൻറിക് കോമഡി ചിത്രങ്ങളിലൂടെ പ്രേക്ഷകരുടെ ഇഷ്ടം നേടിയെടുത്ത നിവിൻ പോളിയുടെ റോം കോം ജോണർ ചിത്രമാണ് 'ബെത്‌ലഹേം കുടുംബ യൂണിറ്റ്' (ബികെയു).

ഭാവന സ്റ്റുഡിയോസിനോടൊപ്പം നിവിൻ ആദ്യമായി ഒന്നിക്കുന്നതിനാൽ തന്നെ ഇതിനകം ഏറെ ശ്രദ്ധ നേടിയ ചിത്രവുമാണ് ആഗഡ.

തണ്ണീർ മത്തൻ ദിനങ്ങൾ, സൂപ്പർ ശരണ്യ, പ്രേമലു എന്നീ സൂപ്പർ ഹിറ്റ് സിനിമകളുടെ സംവിധായകനായ ഗിരീഷ് എ ഡിക്കൊപ്പം നിവിൻ ആദ്യമായി ഒന്നിക്കുന്ന റൊമാൻറിക് കോമഡി ഗണത്തിൽപ്പെടുന്ന ചിത്രത്തിൽ മമിത ബൈജു ആണ് നായികയായെത്തുന്നത്.

മലയാളത്തിൽ ഒട്ടേറെ കലാമൂല്യവും ജനപ്രിയവുമായ സിനിമകൾ സമ്മാനിച്ചിട്ടുള്ള ബാനറാണ് ഭാവന സ്റ്റുഡിയോസ്. പ്രേക്ഷകർ ഏറ്റെടുത്ത ഹിറ്റ് ചിത്രം സർവ്വം മായയ്ക്ക് ശേഷം നിവിൻ ഈ ബാനറിനോടൊപ്പം ഒന്നിക്കുമ്പോൾ പ്രേക്ഷകർ വാനോളം പ്രതീക്ഷയിലാണ്.

പ്രേമലുവിനുശേഷം ഭാവന സ്റ്റുഡിയോസ് നിർമിക്കുന്ന ആറാമത്തെ ചിത്രമാണ് ബത്‌ലഹേം കുടുംബ യൂണിറ്റ്. ഭാവന സ്റ്റുഡിയോസിന്റെ ബാനറിൽ ദിലീഷ് പോത്തൻ, ഫഹദ് ഫാസിൽ, ശ്യാം പുഷ്കരൻ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

ഗിരീഷ് എ.ഡിയും കിരൺ ജോസിയും ചേർന്നാണ് സിനിമയുടെ രചന നിർവഹിച്ചിരിക്കുന്നത്. സംഗീത് പ്രതാപ്, സുരേഷ് കൃഷ്ണ, ബിന്ദു പണിക്കർ, വിനയ് ഫോർട്ട്, റോഷൻ ഷാനവാസ്, ശ്യാം മോഹൻ, ഷമീർ ഖാൻ, ശ്രിന്ദ, പാർവതി അയ്യപ്പദാസ്, മീനാക്ഷി രവീന്ദ്രൻ എന്നിവരാണ് ചിത്രത്തിലെ മറ്റ് താരങ്ങളായുള്ളത്.

ചാലക്കുടി, പൊള്ളാച്ചി, ഗോവ, ഹൈദ്രബാദ്, കുട്ടിക്കാനം എന്നീ ലൊക്കേഷനുകളിലായി നൂറിലധികം ദിവസങ്ങൾ കൊണ്ടാണ് സിനിമയുടെ ചിത്രീകരണം പൂർത്തിയായത്.




ഛായാഗ്രഹണം: അജ്മൽ സാബു, സംഗീത സംവിധാനം: വിഷ്ണു വിജയ്, എഡിറ്റർ: ആകാശ് ജോസഫ് വർഗ്ഗീസ്. ഗാനരചന: വിനായക് ശശികുമാർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ബെന്നി കട്ടപ്പന, ജോസ് വിജയ്, പ്രൊഡക്ഷൻ കൺട്രോളർ: റിച്ചാർഡ്, ആർട്ട് ഡയറക്ടർ: ആഷിക് എസ്, കോസ്റ്റ്യൂം: ധന്യ ബാലകൃഷ്ണൻ, മേക്കപ്പ്: റോണക്സ് സേവ്യർ, സംഘട്ടനം: ആക്ഷൻ സന്തോഷ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്: ജംഷീർ പുരക്കാട്ടിരി, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ: ഫിലിപ്പ് ഫ്രാൻസിസ്, സൗണ്ട് മിക്സിങ്: വിഷ്ണു സുജാതൻ, സൗണ്ട് ഡിസൈൻ: ശങ്കരൻ എ.എസ്, കെ.സി സിദ്ധാർത്ഥൻ, വിഎഫ്എക്സ്: എഗ്ഗ് വൈറ്റ് വിഎഫ്എക്സ്, കളറിസ്റ്റ്: രമേഷ് സി.പി, സ്റ്റിൽസ്: റിൻസൺ എം.ബി, റിഷി ലാൽ ഉണ്ണികൃഷ്ണൻ,പോസ്റ്റർ ഡിസൈൻ: യെല്ലോ ടൂത്ത്സ്, പിആർഒ: ആതിര ദിൽജിത്ത്.

# ആര്യ നായകനാകുന്ന അനന്തൻ കാട് സിനിമയിൽ നിഖില വിമൽ

പ്രേക്ഷക നിരൂപക ശ്രദ്ധ നേടിയ ടിയാൻ എന്ന സിനിമയ്ക്ക് ശേഷം മുരളി ഗോപിയുടെ തിരക്കഥയിൽ ജിയെൻ കൃഷ്ണകുമാർ സംവിധാനം ചെയുന്ന മലയാള ചിത്രം അനന്തൻ കാട് ക്യാരക്ടർ പോസ്റ്റർ പുറത്ത്. ചിത്രത്തിൽ നായികയായെത്തുന്ന നിഖില വിമലിന്റെ ക്യാരക്ടർ പോസ്റ്ററാണ് പുറത്തുവന്നിരിക്കുന്നത്. ചിത്രത്തിൽ ദീപ ടീച്ചർ എന്ന കഥാപാത്രമായാണ് താരം എത്തുന്നത്.




ആകാംക്ഷ നിറയ്ക്കുന്ന രംഗങ്ങളുമായാണ് അടുത്തിടെ സിനിമയുടെ ടീസർ എത്തിയിരുന്നത്. ജൂൺ 25നാണ് സിനിമയുടെ വേൾഡ് വൈഡ് റിലീസ്. ആര്യ നായകനായെത്തുന്ന ചിത്രത്തിൽ വമ്പൻ താരനിരയാണ് ഒരുമിക്കുന്നത്. മികവുറ്റ ദൃശ്യ വിരുന്നായിരിക്കും ചിത്രമെന്നാണ് ലഭിക്കുന്ന സൂചനകൾ. തമിഴ് സംസാരിക്കുന്ന കഥാപാത്രമായിട്ടാണ് ആര്യ ചിത്രത്തിൽ എത്തുന്നത്.

വൻവിജയമായി മാറിയ 'മാർക്ക് ആന്റണി'ക്ക് ശേഷം മിനിസ്റ്റുഡിയോയുടെ ബാനറിൽ എസ്. വിനോദ് കുമാർ നിർമിക്കുന്ന പതിനാലാമത്തെ ചിത്രമാണിത്. ശ്രീ ഗോകുലം മൂവീസിന്റെ ബാനറിൽ ഗോകുലം ഗോപാലനാണ് ചിത്രം അവതരിപ്പിക്കുന്നത്. 'കാന്താര'യുടെ രണ്ട് ഭാഗങ്ങളുടേയും സംഗീത സംവിധായകനായ ബി. അജനീഷ് ലോക്‌നാഥ് മലയാളത്തിലെത്തുന്ന സിനിമ കൂടിയാണിത് എന്ന പ്രത്യേകതയുമുണ്ട്.

ഇന്ദ്രൻസ്, മുരളി ഗോപി, 'പുഷ്പ' സിനിമയിലൂടെ ശ്രദ്ധേയനായ സുനിൽ, അപ്പാനി ശരത്, നിഖില വിമൽ, ദേവ് മോഹൻ, സാഗർ സൂര്യ, റെജീന കാസാൻഡ്ര, ശാന്തി ബാലചന്ദ്രൻ, അജയ്, കന്നഡ താരം അച്യുത് കുമാർ തുടങ്ങി വലിയൊരു താരനിര ചിത്രത്തിൽ അണിനിരക്കുന്നുണ്ട്. മലയാളത്തിലും തമിഴിലുമായി ഇറങ്ങുന്ന ബിഗ് ബജറ്റ് ചിത്രം 'അനന്തൻ കാടി'ൽ ഒട്ടേറെ അന്യഭാഷ താരങ്ങളും ഒരുമിക്കുന്നുണ്ട്. ഇതിനോടകം തന്നെ സോഷ്യൽ മീഡിയയിൽ ശ്രദ്ധേയമായി മാറിയ ടീസർ അന്യായ മേക്കിങ്ങുമായി മികച്ചൊരു ദൃശ്യവിരുന്നായിരിക്കും ചിത്രമെന്ന് അടിവരയിടുന്നതായിരുന്നു.

ഛായാഗ്രഹണം: എസ്. യുവ, എഡിറ്റർ: രോഹിത് വി.എസ്. വാരിയത്ത്, സംഗീതം: ബി. അജനീഷ് ലോക്‌നാഥ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ജെയിൻ പോൾ, പ്രൊഡക്ഷൻ ഡിസൈനർ: രഞ്ജിത്ത് കോതേരി, ആക്ഷൻ ഡയറക്ടർ: ആർ. ശക്തി ശരവണൻ, വി.എഫ്.എക്സ്. ഡയറക്ടർ: ബിനോയ് സദാശിവൻ, പ്രൊഡക്ഷൻ കൺട്രോളർ: പ്രണവ് മോഹൻ, മേക്കപ്പ്: ബൈജു എസ്, ശബ്ദമിശ്രണം: വിഷ്ണു പി.സി, സൗണ്ട് ഡിസൈൻ: അരുൺ എസ്. മണി, ഗാനരചന: മുരളി ഗോപി, ആലാപനം: മുരളി ഗോപി, കളറിസ്റ്റ്: ശിവശങ്കർ, വി.ബി2എച്ച്, ചീഫ് അസോസിയേറ്റ് ഡയറക്ടർ: അഭിൽ ആനന്ദ് എം.ടി, ഫിനാൻസ് കൺട്രോളർ: എം.എസ്. അരുൺ, വി.എഫ്.എക്സ്: ടിഎംഇഎഫ്എക്സ്, കോസ്റ്റ്യൂം: അരുൺ മനോഹർ, സ്റ്റിൽസ്: റിഷ്‌ലാൽ ഉണ്ണികൃഷ്ണൻ, ഡിജിറ്റൽ മാർക്കറ്റിങ്: ഒബ്സിക്യൂറ എന്റർടെയ്ൻമെന്റ്സ്, പിആർഒ: ആതിര ദിൽജിത്ത്, ഡിസ്ട്രിബ്യൂഷൻ പാർട്നർ: ഡ്രീം ബിഗ് ഫിലിംസ്.

# ഇവി വിപണി വിഹിതം 11%



**ന്യൂഡൽഹി:** മേയ് മാസത്തിൽ ഇന്ത്യയിലെ വാഹന റീട്ടെയ്ൽ വില്പന 9.55 ശതമാനം വളർച്ചയോടെ 25,31,067 യൂണിറ്റെന്ന റിക്കാർഡ് നേട്ടത്തിലെത്തി. കഴിഞ്ഞ വർഷം ഇതേ മാസത്തിൽ ഇന്ത്യയിലെ ആകെ വാഹന റീട്ടെയ്ൽ വില്പന 23,10,451 യൂണിറ്റായിരുന്നു.

പശ്ചിമേഷ്യൻ പ്രതിസന്ധിയെത്തുടർന്ന് ഇന്ധനവില വർധിച്ചതോടെ, ഇന്ധനക്ഷമതയുള്ളതും പരിസ്ഥിതി സൗഹൃദവുമായ വാഹനങ്ങൾക്കായുള്ള അന്വേഷണങ്ങളിൽ ഡീലർമാർ വൻ വർധന രേഖപ്പെടുത്തിയതോടെ ഇതാദ്യമായി രാജ്യത്തെ ഇലക്ട്രിക് വാഹനങ്ങളുടെ വിപണി വിഹിതം 11 ശതമാനം കടക്കുകയും ചെയ്തു. 2026മേയിൽ ഇലക്ട്രിക് വാഹനങ്ങളുടെ റീട്ടെയ്ൽ വില്പന മുൻവർഷത്തെ അപേക്ഷിച്ച് 45% വർധിച്ച് 2,71,682 യൂണിറ്റുകളിലെത്തി.

ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസിന്റെ (എഫ്എഡിഎ) കണക്കുകൾ പ്രകാരം വാണിജ്യ വാഹനങ്ങൾ, യാത്രാ വാഹനങ്ങൾ, അതുപോലെ മൊത്തത്തിലുള്ള ഇലക്ട്രിക് വാഹന വിപണി എന്നിവയിൽ ഇതുവരെ രേഖപ്പെടുത്തിയതിൽ വച്ച് ഏറ്റവും മികച്ച മേയ് മാസ പ്രകടനമാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

മേയ് മാസത്തിലെ ഇന്ധനവില വർധനയോടുള്ള ഉപഭോക്താക്കളുടെ പ്രതികരണമായിരുന്നു ഈ മാസത്തെ ഒരു പ്രധാന സവിശേഷത. ഇന്ധനക്ഷമതയുള്ളതും ഇതര ഇന്ധനങ്ങളിൽ പ്രവർത്തിക്കുന്നതുമായ വാഹനങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളിൽ പ്രകടമായ വർധനയുണ്ടായതായി ഡീലർമാർ റിപ്പോർട്ട് ചെയ്തു. ഇത് ഇരുചക്ര ഇലക്ട്രിക് വാഹനങ്ങളുടെ വിപണി വിഹിതം മുൻവർഷത്തെ 6.11 ശതമാനത്തിൽ നിന്ന് 9.25 ശതമാനമായി ഉയരുന്നതിൽ പ്രതിഫലിച്ചു, ഫാഡ വ്യക്തമാക്കി.

### ഇവിയിൽ ഇരുചക്രവാഹനങ്ങൾ മുന്നിൽ

ഇലക്ട്രിക് ഇരുചക്ര വാഹനങ്ങളുടെ വില്പനയിലാണ് വർധനയുണ്ടാത്. മുൻവർഷത്തെ അപേക്ഷിച്ച് 63% വളർച്ചയോടെ 1,70,733 യൂണിറ്റുകൾ വിറ്റഴിച്ച് ഈ വിഭാഗമാണ് വില്പനയുടെ അളവിൽ മുന്നിലെത്തിയത്. ഇത് വിപണിയിലെ ഇവയുടെ വിഹിതം 6.1 ശതമാനത്തിൽ നിന്ന് 9.3 ശതമാനമായി ഉയർത്തി.

രാജ്യത്ത് ഏറ്റവും കൂടുതൽ വൈദ്യുതവത്കരിച്ച വിഭാഗം ഇലക്ട്രിക് ത്രീവീലറുകളാണ്. രാജ്യത്തുള്ള ആകെ ത്രീവീലറുകളുടെ 64.4 ശതമാനവും ഇലക്ട്രിക് ആണ്.

ഇലക്ട്രിക് പാസഞ്ചർ വാഹന വിഭാഗത്തിൽ കൂടുതൽ മോഡലുകൾ വിപണിയിൽ ലഭ്യമായതോടെ, ഈ വിഭാഗം മുൻവർഷത്തെ അപേക്ഷിച്ച് 81% വളർച്ചയോടെ 26,682 യൂണിറ്റുകളുടെ വിൽപ്പന കൈവരിച്ചു. ഇവയുടെ വിപണി വിഹിതം 4.5%ൽ നിന്ന് 6.6%ലേക്ക് ഉയർന്നു.

ഇലക്ട്രിക് വാണിജ്യ വാഹനങ്ങളിൽ ഇവയുടെ വിൽപ്പന മുൻവർഷത്തെ അപേക്ഷിച്ച് ഇരട്ടിയിലധികമായി വർധിച്ചു. എങ്കിലും, 2.86% വിപണി വിഹിതവുമായി ഈ വിഭാഗം ഇപ്പോഴും അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

### വില്പന കുറയാതെ പെട്രോൾ, ഡീസൽ വാഹനങ്ങൾ

ലഭ്യമായ കണക്കുകൾ പ്രകാരം, കഴിഞ്ഞ മാസം യാത്രാ വാഹനങ്ങളുടെ റീട്ടെയ്ൽ വില്പന 23.25 ശതമാനം വളർച്ചയോടെ 4,02,591 യൂണിറ്റെന്ന റിക്കാർഡ് നേട്ടത്തിലെത്തി. 2025 മേയ് മാസത്തിൽ ഇത് 3,26,656 യൂണിറ്റായിരുന്നു.

ഇരുചക്ര വാഹന വിഭാഗത്തിൽ ഈ മേയിൽ എക്കാലത്തെയും മികച്ച പ്രതിമാസ വില്പനയാണ് രേഖപ്പെടുത്തിയത്. മുൻവർഷം ഇതേ മാസത്തെ 17,15,581 യൂണിറ്റുകളുമായി താരതമ്യം ചെയ്യുമ്പോൾ 7.54 ശതമാനം വളർച്ചയോടെ 18,44,947 യൂണിറ്റുകളാണ് ഇത്തവണ വിറ്റഴിച്ചത്.കഴിഞ്ഞ മാസം ത്രീവീലർ വിലപന 3.56 ശതമാനം ഉയർന്ന് 1,11,526 യൂണിറ്റുകളിൽ എത്തിയതായി ഫാഡ വ്യക്തമാക്കി. 2025 മേയിൽ ഇത് 1,07,688 യൂണിറ്റായിരുന്നു. വാണിജ്യ വാഹനങ്ങളുടെ വില്പനയിലും 5.29 ശതമാനം വളർച്ച രേഖപ്പെടുത്തി. 2025 മേയിലെ 79,614 യൂണിറ്റുകളുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ മാസം ഇത് 83,823 യൂണിറ്റെന്ന റിക്കാർഡ് നേട്ടത്തിലെത്തിയതായും ഫാഡ കൂട്ടിച്ചേർത്തു.




## പിഎംഐ കേരള അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** പ്രോജക്ട് മാനേജ്മെൻറ്, നവീകരണം, സുസ്ഥിരത, പരിവർത്തനം എന്നീ മേഖലകളിലെ മികവുകളെ ആദരിക്കുന്നതിനു പിഎംഐ കേരള അവാർഡ്സ് 2026 കൊച്ചിയിലെ ചക്കോളാസ് പവിലിയനിൽ നടന്നു.

പ്രോജക്ട് മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് (പിഎംഐ) കേരള ചാപ്റ്റർ നാലാമത് സിഎക്സ്ഒ മീറ്റിന്റെ ഭാഗമായാണ് അവാർഡ് നൈറ്റ് സംഘടിപ്പിച്ചത്. ബിസിനസ് വളർച്ചയ്ക്കും നവീകരണത്തിനും സാമൂഹിക, സാമ്പത്തിക, പരിസ്ഥിതി മേഖലകളിലെ ഗുണപരമായ മാറ്റങ്ങൾക്കും സംഭാവന നൽകിയ പദ്ധതികളെയാണ് പുരസ്കാരങ്ങൾ വഴി ആദരിച്ചത്.

പ്രോജക്ട് ഓഫ് ദി ഇയർ (ലാർജ്) വിഭാഗത്തിൽ ബിപിസിഎൽ ജേതാക്കളായി. കൊച്ചിൻ ഷിപ്‌യാർഡും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപറേറ്റീവ് സൊസൈറ്റിയും റണ്ണർ അപ്പുകളായി. പ്രോജക്ട് ഓഫ് ദി ഇയർ (മീഡിയം) പുരസ്കാരം യുഎസ്ടി സ്വന്തമാക്കി.

എച്ച് ആൻഡ് ആർ ബ്ലോക്കാണ് റണ്ണറപ്പ്. പ്രോജക്ട് ഓഫ് ദി ഇയർ (സ്മോൾ) വിഭാഗത്തിലും എച്ച് ആൻഡ് ആർ ബ്ലോക്കിനാണ് പുരസ്കാരം.

## ആഭ്യന്തര യാത്രാ നിരക്ക് കുറക്കാൻ 'നോ മീൽസ്' ടിക്കറ്റുകൾ അവതരിപ്പിക്കാൻ എയർ ഇന്ത്യ




**ന്യൂഡൽഹി:** ആഭ്യന്തര വിമാന യാത്ര കൂടുതൽ ചെലവ് കുറഞ്ഞതാക്കാൻ ഭക്ഷണം ഉൾപ്പെടാത്ത പ്രത്യേക ടിക്കറ്റ് നിരക്കുകൾ അവതരിപ്പിക്കാൻ എയർ ഇന്ത്യ ഒരുങ്ങുന്നതായി റിപ്പോർട്ട്. പുതിയ ടിക്കറ്റ് നിരക്ക് അവതരിപ്പിച്ചാൽ യാത്രക്കാർക്ക് വിമാനത്തിലെ ഭക്ഷണം വേണ്ടെന്ന് തെരഞ്ഞെടുക്കാനാകും. അതനുസരിച്ച് ടിക്കറ്റ് നിരക്കിൽ കുറവ് ലഭിക്കുകയും ചെയ്യും.

രണ്ട് മണിക്കൂറിൽ താഴെ ദൈർഘ്യമുള്ള ആഭ്യന്തര, ഹ്രസ്വ അന്താരാഷ്ട്ര സർവീസുകളിലാണ് ആദ്യം സംവിധാനം കൊണ്ടുവരാൻ സാധ്യത. ഭക്ഷണം ഒഴിവാക്കുന്ന യാത്രക്കാർക്ക് ടിക്കറ്റ് നിരക്കിൽ 250 രൂപയിലധികം വരെ കുറവ് ലഭിച്ചേക്കും.

പശ്ചിമേഷ്യയിലെ സംഘർഷങ്ങളെ തുടർന്ന് വിമാന ഇന്ധനവില കുത്തനെ ഉയർന്നതും വിമാന കമ്പനികളുടെ പ്രവർത്തന ചെലവ് കുത്തനെ വർധിച്ചതുമാണ് ഇത്തരമൊരു നീക്കത്തിന് പിന്നിലെ പ്രധാന കാരണം. ചെലവ് നിയന്ത്രിക്കാനും യാത്രക്കാർക്ക് കൂടുതൽ നിരക്ക് ഓപ്ഷനുകൾ നൽകാനുമാണ് കമ്പനിയുടെ ശ്രമം. യാത്രാ ചെലവ് കുറക്കാൻ ആഗ്രഹിക്കുന്ന യാത്രക്കാർക്ക് ഈ ഓപ്ഷൻ ഉപകാരപ്രദമാകും.

ഹ്രസ്വദൂര ആഭ്യന്തര സർവിസുകളിൽ ആദ്യം അവതരിപ്പിക്കുന്ന ഈ പദ്ധതി യാത്രക്കാരുടെ പ്രതികരണം അനുസരിച്ചാണ് മറ്റു സർവിസുകളിലേക്കും വ്യാപിക്കുക. ദീർഘദൂര അന്താരാഷ്ട്ര സർവിസുകളിൽ 'നോ മീൽസ്' ടിക്കറ്റുകൾ ഉൾപ്പെടുത്തില്ല.

നിലവിൽ ആഭ്യന്തര സർവീസുകളിൽ ഭക്ഷണം നൽകുന്ന പ്രധാന ഇന്ത്യൻ വിമാനക്കമ്പനികളിൽ ഒന്നാണ് എയർ ഇന്ത്യ. പുതിയ പദ്ധതി നടപ്പായാൽ, കുറഞ്ഞ നിരക്കിലുള്ള 'ലൈറ്റ് ഫെയർ' അവതരിപ്പിച്ച് ഭക്ഷണവും ചില അനുബന്ധ സേവനങ്ങളും വേർതിരിച്ചു നൽകുന്ന രീതിയിലേക്കായിരിക്കും കമ്പനി മാറുക. അതേസമയം, ഈ നിർദേശം സംബന്ധിച്ച് അന്തിമ തീരുമാനം പ്രഖ്യാപിച്ചിട്ടില്ല.

പശ്ചിമേഷ്യയിൽ യുദ്ധം തുടരുന്ന സാഹചര്യത്തിലും ഹുർമുസ് കടലിടുക്കിലെ പ്രതിസന്ധിയും ആഗോള തലത്തിൽ വിമാന ഇന്ധന വില കുത്തനെ ഉയർത്തിയിരുന്നു. ഇതോടെ മിക്ക വിമാനക്കമ്പനികളും ഹ്രസ്വ ദീർഘ ദൂര സർവിസുകൾ വെട്ടിക്കുറച്ചിരുന്നു.

## എച്ച്എൽഎൽ 'സ്വിച്ച് ടു വെൽവെറ്റ്' ആർത്തവ ശുചിത്വ അവബോധ ക്യാംപെയ്ന് തുടക്കം

**തിരുവനന്തപുരം:** ആർത്തവ ശുചിത്വ ശീലങ്ങൾ പ്രോത്സാഹിപ്പിക്കാനും സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ മെൻസ്ട്രൽ കപ്പുകളുടെ ഉപയോഗത്തെക്കുറിച്ച് സ്ത്രീകളിൽ അവബോധം വളർത്താനും ലക്ഷ്യമിട്ട് എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് 'സ്വിച്ച് ടു വെൽവെറ്റ്' ക്യാംപെയ്ന് തുടക്കം. ക്യാംപെയ്ന്റെ ആദ്യ ഘട്ടം കേരളത്തിലെ വിവിധ തൊഴിൽ ശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിലാണ് സംഘടിപ്പിക്കുന്നത്. മെൻസ്ട്രൽ കപ്പുകളുടെ സുരക്ഷിതവും ഫലപ്രദവുമായ ഉപയോഗത്തെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും ആരോഗ്യവിദഗ്ധരുമായി നേരിട്ട് സംവദിക്കുന്നതിനും സ്ത്രീകൾക്ക് ഇത് അവസരമൊരുക്കുന്നു.

കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ്, രാജ്യത്തെ സ്ത്രീകളുടെ ആരോഗ്യആർത്തവ ശുചിത്വ രംഗത്ത് നിർണായക സംഭാവനകൾ നൽകി വരുന്ന സ്ഥാപനമാണ്. മെൻസ്ട്രൽ കപ്പുകളുടെ ഉപയോഗം വഴി ഒറ്റത്തവണ ഉപയോഗിച്ച് കളയുന്ന സാനിറ്ററി പാഡുകളുടെ അളവ് വൻതോതിൽ കുറയ്ക്കാനും പരിസ്ഥിതി മലിനീകരണം തടയാനും സാധിക്കും. ഒരു ആർത്തവ കപ്പ് അഞ്ചോ അതിലധികമോ വർഷം വരെ ഉപയോഗിക്കാനാകും. ഇത്തരം ശീലങ്ങളിലൂടെ സ്ത്രീകളുടെ ആരോഗ്യ സംരക്ഷണവും ഒപ്പം പരിസ്ഥിതി സംരക്ഷണവും ഒരുപോലെ ഉറപ്പാക്കാനും സാധിക്കുന്നു.



പാളയം കല്യാൺ സിൽക്സിലായിരുന്നു പദ്ധതിയുടെ ഉദ്ഘാടനം. ചടങ്ങിൽ പങ്കെടുത്ത വനിതാ ജീവനക്കാർക്കായി പ്രത്യേക അവബോധ ക്ലാസ് സംഘടിപ്പിക്കുകയും, ആരോഗ്യ വിദഗ്!ധർ! മെൻസ്ട്രൽ കപ്പുകളുടെ സുരക്ഷിതമായ ഉപയോഗത്തെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും വിശദീകരിക്കുകയും ചെയ്തു. പങ്കെടുത്തവർക്ക് തങ്ങളുടെ സംശയങ്ങൾ നേരിട്ട് ചോദിച്ചറിയാനും പ്രായോഗിക അറിവുകൾ നേടാനും ഇതിലൂടെ സാധിച്ചു.

എച്ച്എൽഎൽ പുറത്തിറക്കുന്ന മെൻസ്ട്രൽ കപ്പ് ബ്രാൻഡാണ് 'വെൽവെറ്റ്'. മെൻസ്ട്രൽ കപ്പുകളിലേക്ക് മാറാൻ ആഗ്രഹിക്കുന്നവർക്ക് സംശയനിവാരണത്തിനായി ഗൈനക്കോളജിസ്റ്റുകൾ ഉൾപ്പെടെയുള്ള ആരോഗ്യവിദഗ്ധരുടെ തുടർച്ചയായ സേവനവും 'വെൽവെറ്റിലൂടെ' ലഭ്യമാകും. ഉയർന്ന നിലവാരമുള്ള 'മെഡിക്കൽ ഗ്രേഡ് സിലിക്കൺ' ഉപയോഗിച്ച് തിരുവനന്തപുരത്തെ എച്ച്എൽഎല്ലിന്റെ ആക്കുളം ഫാക്ടറിയിലാണ് ഇവ നിർമ്മിക്കുന്നത്.പ്രവർത്തന വിപുലീകരണത്തിന്റെയും രാജ്യത്തുടനീളം ആർത്തവ ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തിന്റെയും ഭാഗമായി എച്ച്എൽഎൽ മെൻസ്ട്രൽ കപ്പുകളുടെ ഉൽപ്പാദനശേഷി ഗണ്യമായി വർദ്ധിപ്പിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# സർക്കാർ സ്കൂളുകളിലെ മിടുക്കരായ 106 വിദ്യാർത്ഥികൾക്ക് മുത്തൂറ്റ് എം ജോർജ് എക്സലൻസ് അവാർഡുകൾ നൽകി

**തിരുവനന്തപുരം:** രാജ്യത്തെ മുൻനിര സ്വർണ പണയ എൻബിഎഫ്സി ആയ മുത്തൂറ്റ് ഫിനാൻസ് പഠനത്തിൽ മികച്ച നിലവാരം കാഴ്ചവെക്കുന്നതും സർക്കാർ സ്കൂളുകളിൽ പഠിക്കുന്നതുമായ കുട്ടികൾക്കായി 20252026 വർഷത്തെ മുത്തൂറ്റ് എം ജോർജ് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു. പാളയം സെന്റ് ജോർജ് ഹാളിൽ നടന്ന ചടങ്ങ് തിരുവനന്തപുരം കോർപ്പറേഷൻ മേയർ വി.വി. രാജേഷ് ഉദ്ഘാടനം ചെയ്തു. മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ് ജേക്കബ് മുത്തൂറ്റ് അധ്യക്ഷത വഹിച്ചു.

മുത്തൂറ്റ് എം ജോർജ് എക്സലൻസ് അവാർഡുകളെ പ്രശംസിച്ച മേയർ വിദ്യാഭ്യാസ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിലുള്ള മുത്തൂറ്റ് ഫിനാൻസിന്റെ തുടർച്ചയായ പ്രതിബദ്ധതയെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

തിരുവനന്തപുരം ജില്ലയിലെ 53 സർക്കാർ സ്കൂളുകളിൽ നിന്നുള്ള എട്ട്, ഒൻപത് ക്ലാസുകളിൽ പഠിക്കുന്ന 106 മിടുക്കരായ വിദ്യാർത്ഥികൾക്കാണ് അവാർഡുകൾ നൽകിയത്. ഓരോ വിദ്യർത്ഥിക്കും 3000 രൂപ ക്യാഷ് പ്രൈസും മെമന്റോയുമാണ് നൽകിയത്.

കേരളത്തിനു പുറമെ ചൈന്ന, മധുരൈ, മംഗലാപുരം, ബെംഗളൂരൂ, ഹൈദരാബാദ്, മുംബൈ, കൊൽക്കത്ത, ഡൽഹി എന്നീ നഗരങ്ങളിലും മുത്തൂറ്റ് എം ജോർജ് എക്സലൻസ് അവാർഡുകൾ നൽകുന്നുണ്ട്.

വിദ്യാഭ്യാസത്തിന് ജീവിതങ്ങളെ മാറ്റിമറിക്കാനും അവസരങ്ങൾ സൃഷ്ടിക്കാനും ശക്തമായ സമൂഹങ്ങൾ രൂപപ്പെടുത്താനും കഴിയുമെന്ന് മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ് ജേക്കബ് മുത്തൂറ്റ് പറഞ്ഞു. മികച്ച അക്കാദമിക മികവും അർപ്പണബോധവും പ്രകടിപ്പിച്ച യുവ വിദ്യാർത്ഥികളെ ആദരിക്കാനും പ്രോത്സാഹിപ്പിക്കാനുമാണ് മുത്തൂറ്റ് എം. ജോർജ് എക്സലൻസ് അവാർഡുകളിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്. സമയോചിതമായ അംഗീകാരം വിദ്യാർത്ഥികൾക്ക് കൂടുതൽ വലിയ സ്വപ്നങ്ങൾ കാണാനും കൂടുതൽ പരിശ്രമിക്കാനും പ്രചോദനമേകും. പരമാവധി കഴിവുകൾ കൈവരിക്കാനായി യുവതലമുറയെ പിന്തുണയ്ക്കുന്നതിൽ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം പറഞ്ഞു.


ചടങ്ങിൽ കോവളം എം എൽ എ എം വിൻസെന്റ്, പാളയം ഇമാം ഡോ.വി.പി. സുഹൈബ് മൗലവി, വെരി റവ. മാത്യൂ എബ്രഹാം കോർ എപ്പിസ്കോപ്പ, ഡോ. ഡാർലി ഉമ്മൻ കോശി (മുൻ ഡയറക്ടർ, എൻ.ഐ.ഡി.), ജോർജ് തോമസ് (ട്രസ്റ്റി, സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ, പാളയം) ശ്രീമതി എലിസബത്ത് ജേക്കബ് (ഡയറക്ടർ, ദി മുത്തൂറ്റ് ഗ്രൂപ്പ്) തുടങ്ങിയവരും പങ്കെടുത്തു.

## വ്യവസായശാലകളിലെ ശബ്ദമലിനീകരണം

# 20 ഡെസിബെൽ വരെ ശബ്ദം കുറയ്ക്കുന്ന സാങ്കേതികവിദ്യയുമായി എംഐടിഡബ്ല്യുപിയു ഗവേഷകർ

**പൂനെ:** വ്യവസായശാലകളിൽ കട്ടിംഗ് ജോലികൾക്കിടെ ഉണ്ടാകുന്ന ശബ്ദമലിനീകരണം ഗണ്യമായി കുറയ്ക്കാൻ കഴിയുന്ന പുതിയ സാങ്കേതികവിദ്യ എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റി ഗവേഷകർ വികസിപ്പിച്ചു. നിർമ്മാണഫാബ്രിക്കേഷൻ മേഖലകളിൽ വ്യാപകമായി ഉപയോഗിക്കുന്ന അബ്രസീവ് സോ മെഷീനുകൾ പ്രവർത്തിക്കുമ്പോൾ സാധാരണയായി 95 മുതൽ 110 ഡെസിബെൽ വരെ ഉയരുന്ന ശബ്ദം ഈ സംവിധാനത്തിന്റെ സഹായത്തോടെ 20 ഡെസിബെൽ വരെ കുറയ്ക്കാനാകുമെന്ന് ഗവേഷകർ പറഞ്ഞു. നിലവിലുള്ളതും പുതുതായി സ്ഥാപിക്കുന്നതുമായ അബ്രസീവ് സോ മെഷീനുകളിൽ എളുപ്പത്തിൽ ഘടിപ്പിക്കാവുന്ന പ്രത്യേക സുരക്ഷാ കവചം രൂപത്തിലാണ് സംവിധാനം ഒരുക്കിയിരിക്കുന്നത്.

മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗത്തിലെ ഡോ. രോഹിത് രഘുനാഥ് ഗഡ്ഗെ, ഡോ. മഹേഷ് വസന്ത്റാവു കുൽക്കർണി, പിഎച്ച്ഡി ഗവേഷകനായ യാഷ് ഉത്സാഹി ചവാന്റെ എന്നിവർ ചേർന്നാണ് ഈ നൂതന ഉപകരണം വികസിപ്പിച്ചത്.




ഉയർന്ന ശബ്ദം തൊഴിലാളികളുടെ കേൾവിശേഷിയെയും മാനസിക ഏകാഗ്രതയെയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിലാണ് ഈ കണ്ടുപിടിത്തം ശ്രദ്ധേയമാകുന്നത്. പ്രത്യേക ഘടനയിലുള്ള കവചം ശബ്ദതരംഗങ്ങളെ ഉള്ളിൽത്തന്നെ ആഗിരണം ചെയ്ത് പുറത്തേക്കുള്ള ശബ്ദവ്യാപനം കുറയ്ക്കുന്നു. അതോടൊപ്പം, കട്ടിംഗ് സമയത്ത് തെറിച്ചുപോകുന്ന തീപ്പൊരികൾ, ലോഹപ്പൊടി, മറ്റ് അവശിഷ്ടങ്ങൾ എന്നിവ പുറത്തേക്ക് പടരുന്നതും തടയുന്നു. കട്ടിംഗ് പ്രക്രിയ സുരക്ഷിതമായി നിരീക്ഷിക്കാൻ സുതാര്യമായ വിൻഡോകളും ക്രമീകരിക്കാവുന്ന സ്ലൈഡിംഗ് പാനലുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇഗ്ലാസ് ഫൈബർ, ബസാൾട്ട് ഫൈബർ, പെർഫൊറേറ്റഡ് അലുമിനിയം എന്നിവ സംയോജിപ്പിച്ച പ്രത്യേക മിശ്രിതമാണ് ശബ്ദം ആഗിരണം ചെയ്യുന്നതിനായി ഉപയോഗിച്ചിരിക്കുന്നത്. വലിയ ശബ്ദപ്രതിരോധ ക്യാബിനുകളോ വൻതോതിലുള്ള നിക്ഷേപമോ ആവശ്യമില്ലാതെ ഫാക്ടറികളിലെ സുരക്ഷയും തൊഴിലിട സൗകര്യങ്ങളും മെച്ചപ്പെടുത്താൻ ഈ സാങ്കേതികവിദ്യ സഹായിക്കുമെന്ന് ഗവേഷകർ വ്യക്തമാക്കി.

കണ്ടുപിടിത്തത്തിന് നിലവിൽ പേറ്റന്റിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും പ്രോട്ടോടൈപ്പ് പരിശോധനകൾ പൂർത്തിയാക്കിയ ശേഷം വ്യാവസായിക ഉപയോഗത്തിനായി വിപണിയിലെത്തിക്കാനാണ് ലക്ഷ്യമെന്നും ഗവേഷകസംഘം അറിയിച്ചു.

# പ്രോഫിറ്റ് ടസ്കർ അവാർഡ്സ് 2026: മുത്തൂറ്റ് എംക്രെഡിന് മൂന്ന് പുരസ്കാരങ്ങൾ

**കൊച്ചി:** ദക്ഷിണേന്ത്യയിലെ പ്രമുഖ ബിസിനസ്സ് പുരസ്കാരങ്ങളിലൊന്നായ പ്രോഫിറ്റ് ടസ്കർ ഇന്ത്യ അവാർഡ്സ് 2026ൽ മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡിലെ (മുമ്പ് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ്) മൂന്ന് മുതിർന്ന ഉദ്യോഗസ്ഥർക്ക് അംഗീകാരം. മികച്ച ബിസിനസ്സ് പ്രകടനം കാഴ്ചവെക്കുന്നതിലും, ഉപഭോക്താക്കൾക്കും സ്ഥാപനത്തിനും മികച്ച മൂല്യം സൃഷ്ടിക്കുന്നതിലും വഹിച്ച നേതൃത്വപാടവമാണ് പുരസ്കാരത്തിന് അർഹരാക്കിയത്.

സ്ഥാപനത്തിന്റെ മൈക്രോഫിനാൻസ് വിഭാഗം സിഇഒ സെബി ചെറിയാൻ, അഡ്മിൻ ആൻഡ് ഇൻഫ്രാസ്ട്രക്ചർ വൈസ് പ്രസിഡന്റ് ബിപിൻ പി.എസ്, അഫിനിറ്റി മാർക്കറ്റിംഗ് എവിപി സ്വപ്ന വി.യു എന്നിവർക്കാണ് പുരസ്കാരങ്ങൾ ലഭിച്ചത്. കൊച്ചി ക്രൗൺ പ്ലാസയിൽ നടന്ന പ്രോഫിറ്റ് ടസ്കർ ബിസിനസ് സമ്മിറ്റിൽ സംസ്ഥാന ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യനീതി വകുപ്പ് മന്ത്രി വി. ഇ. അബ്ദുൾ ഗഫൂർ അവാർഡുകൾ വിതരണം ചെയ്തു. വിഗാർഡ് ഇൻഡസ്ട്രീസ് സ്ഥാപകനും ചെയർമാനുമായ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ചടങ്ങിൽ പങ്കെടുത്തു.

രാജ്യത്തുടനീളമുള്ള സാധാരണക്കാരായ ഉപഭോക്താക്കൾക്ക് സ്വർണ്ണപ്പണയ വായ്പകൾ നൽകുന്നതിൽ മുൻപന്തിയിലുള്ള ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിലൊന്നായ മുത്തൂറ്റ് എംക്രെഡിന് രാജ്യത്തുടനീളം 995ലധികം ശാഖകളും 6,000ത്തിലധികം ജീവനക്കാരുമാണ് ഉള്ളത്.

# എഐ ഒരു ഭീഷണിയല്ല, ഐടി സേവനങ്ങൾക്ക് അവസരമാണ്: ടിസിഎസ് ചെയർമാൻ



**മുംബൈ:** ആർട്ടിഫിഷൽ ഇൻറലിജൻസ് (എഐ) ഒരു ഭീഷണിയല്ല, മറിച്ച് ടാറ്റ കൺസൾട്ടൻസി സർവീസസിന്റെ തന്നെ ചരിത്രത്തിലെ ഏറ്റവും വലിയ അവസരമാണെന്ന് കമ്പനിയുടെ 31-ാം വാർഷിക പൊതുയോഗത്തിൽ ചെയർമാൻ എൻ. ചന്ദ്രശേഖരൻ പറഞ്ഞു.

പരമ്പരാഗത ഐടി സേവനങ്ങളുടെ ആവശ്യം എഐ കുറച്ചേക്കുമെന്ന ആശങ്കകളെ അഭിസംബോധന ചെയ്തുകൊണ്ട്, എഐയും ഐടി സേവനങ്ങളും തമ്മിലുള്ള ബന്ധത്തെ വിപണി തെറ്റിദ്ധരിച്ചിരിക്കുകയാണെന്ന് ചന്ദ്രശേഖരൻ പറഞ്ഞു.

'ഒരു മാരകമായ ഭീഷണിയല്ല, മറിച്ച് ടിസിഎസിനും യഥാർത്ഥത്തിൽ ഐടി മേഖലയ്ക്ക് പൊതുവായും ഇതുവരെ ഉണ്ടായിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ അവസരമാണ് എഐ.' അദ്ദേഹം പറഞ്ഞു.

സാങ്കേതികവിദ്യക്കായുള്ള ചെലവഴിക്കൽ കുറയ്ക്കുന്ന ഒന്നായല്ല, മറിച്ച് എഐയെ വികസിക്കുന്ന ഒരു ഇൻറലിജൻസ് ഇൻഫ്രാസ്ട്രക്ചർ ആയിട്ടാണ് കാണേണ്ടതെന്ന് ചന്ദ്രശേഖരൻ വിശദീകരിച്ചു.

കമ്പനികൾ അവരുടെ പഴയ സിസ്റ്റങ്ങൾ ആധുനികവത്കരിക്കുകയും ബിസിനസ് പ്രക്രിയകൾ പുനഃക്രമീകരിക്കുകയും സ്വന്തമായി എഐ ശേഷികൾ വികസിപ്പിക്കുകയും ഫാക്ടറികളും സപ്ലൈ ചെയിനുകളും പോലുള്ള ഭൗതിക സാഹചര്യങ്ങളിൽ എഐ വിന്യസിക്കുകയും ചെയ്യുന്നതോടെ, നിലവിൽ ഏകദേശം 1.6 ട്രില്യൺ ഡോളർ മൂല്യമുള്ള ആഗോള എൻറർപ്രൈസ് ഐടി വിപണി അടുത്ത 510 വർഷത്തിനുള്ളിൽ ഇരട്ടിയായി 3 ട്രില്യൺ ഡോളറിലേക്ക് ഉയരുമെന്നും അദ്ദേഹം പറഞ്ഞു.

ടിസിഎസിൽ ജീവനക്കാരുടെ അത്രതന്നെ എഐ ഏജൻറുമാരും എഐ വർക്കർമാരും ഉണ്ടാകുന്ന കാലം വിദൂരമല്ലെന്ന് അദ്ദേഹം സൂചിപ്പിച്ചു. എഐയുടെ വിപുലീകരണം കമ്പനിയിൽ പുതിയ ജീവനക്കാരെ നിയമിക്കുന്ന പ്രക്രിയയെ മന്ദഗതിയിലാക്കുമെന്ന് ചന്ദ്രശേഖരൻ പറഞ്ഞു.

കഴിഞ്ഞ നാല് പാദങ്ങളായി കമ്പനിയുടെ എഐ വരുമാനം കൃത്യമായി വർധിച്ചുകൊണ്ടിരിക്കുകയാണെന്നും 22 ശതമാനത്തിലധികം ത്രൈമാസ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. 2026 സാമ്പത്തിക വർഷത്തിലെ അവസാന പാദത്തിൽ ടിസിഎസിന്റെ വാർഷിക എഐ വരുമാനം 2.5 ബില്യൺ ഡോളറിൽ എത്തിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

# മ്യൂൾസോഫ്റ്റ് അവതരിപ്പിക്കും

**കൊച്ചി:** മ്യൂൾസോഫ്റ്റ് ഓൺ ഹൈപ്പർഫോഴ്സ് സംവിധാനം ഇന്ത്യയിൽ ഉടൻ ലഭ്യമാകുമെന്ന് പ്രമുഖ സിആർഎം കമ്പനിയായ സെയിൽസ്ഫോഴ്സ് പ്രഖ്യാപിച്ചു.

സ്ഥാപനങ്ങൾക്ക് പ്രാദേശികമായി ഡാറ്റകൾ സംഭരിക്കാനും പ്രോസസ് ചെയ്യാനും കഴിയുന്ന രീതിയിൽ ഇൻറഗ്രേഷനുകൾ, എപിഐകൾ, എഐ അധിഷ്ഠിത വർക്ക്ഫ്ളോകൾ എന്നിവ വിന്യസിക്കാൻ സഹായിക്കുന്നതാണ് മ്യൂൾസോഫ്റ്റ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മലബാർ ഗ്രൂപ്പിന്റെ ഹംഗർ ഫ്രീ വേൾഡ് പദ്ധതി അടൽ ബിഹാരി വാജ്പേയ് കൗശല്യ വികാസ് കേന്ദ്രയിൽ ആരംഭിച്ചു

## കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ ഉദ്ഘാടനം ചെയ്തു

**മുംബൈ:** ലോകത്തിലെ ഏറ്റവും വലിയ ജ്വല്ലറി ഗ്രൂപ്പുകളിലൊന്നായ മലബാർ ഗോൾഡ് & ഡയമണ്ട്സ് ഉൾപ്പെടെയുള്ള വിവിധ ബിസിനസ് സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്ന മലബാർ ഗ്രൂപ്പ് നടപ്പാക്കി വരുന്ന ഹംഗർ ഫ്രീ വേൾഡ് പദ്ധതി മുംബൈ കാന്തിവ്‌ലി ഈസ്റ്റിലെ വാജ്പേയ് കൗശല്യ വികാസ് കേന്ദ്രയിലും ആരംഭിച്ചു. കേന്ദ്ര വാണിജ്യവ്യവസായ മന്ത്രി പീയൂഷ് ഗോയൽ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

പട്ടിണി രഹിത ലോകം ലക്ഷ്യമാക്കി ദുർബല വിഭാഗങ്ങൾക്കിടയിൽ പോഷകാഹാരം നൽകുന്നതിനായി മലബാർ ഗ്രൂപ്പ് നടപ്പാക്കി വരുന്ന ഏറ്റവും പ്രധാനപ്പെട്ട സി എസ് ആർ പ്രവർത്തനങ്ങളിലൊന്നാണ് ഹംഗർ ഫ്രീ വേൾഡ് പദ്ധതി. വാജ്പേയ് കൗശല്യ വികാസ് കേന്ദ്രയിലും പദ്ധതി ആരംഭിച്ചതോടെ ഇവിടെ പഠനം നടത്തുന്ന 100 വിദ്യാർത്ഥികൾക്ക് മലബാർ ഗ്രൂപ്പ് പ്രതിദിനം പോഷകാഹാരം നൽകും. ഇത് അവരുടെ ആരോഗ്യ സംരക്ഷണത്തിന് തുണയാകുന്നതിനൊപ്പം തന്നെ പഠനത്തിൻറെ ഭാഗമായുള്ള വൊക്കേഷണൽ ട്രെയിനിംഗ്, സർട്ടിഫിക്കേഷൻ പ്രോഗ്രാമുകൾ, കരിയർ വികസനം, ഭാവി തൊഴിലവസരങ്ങൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവരെ സഹായിക്കുകയും ചെയ്യും. പോഷക സമൃദ്ധമായ ഭക്ഷണം നൽകിക്കൊണ്ട് യുവാക്കളുടെ പഠനം, നൈപുണ്യ വികസനം, ഭാവി തൊഴിലവസരങ്ങൾ എന്നിവയെ പിന്തുണയ്ക്കുകയെന്ന മഹത്തായ ലക്ഷ്യം കൂടി ഹംഗർ ഫ്രീ വേൾഡ് പദ്ധതിക്കുണ്ട്. അതോടൊപ്പം പാർശ്വവത്ക്കരിക്കപ്പെട്ട ജനങ്ങളെ സമൂഹത്തിൻറെ മുഖ്യധാരയിലേക്കെത്തിക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ഈ പദ്ധതി വലിയ പങ്ക് വഹിക്കുന്നുണ്ട്.

പട്ടിണി നിർമാർജനത്തിനും സാമൂഹിക നന്മയ്ക്കുമായുള്ള മലബാർ ഗ്രൂപ്പിൻറെ നിരന്തരമായ പ്രതിബദ്ധതയാണ് ഹംഗർ ഫ്രീ വേൾഡ് പദ്ധതിയിലൂടെ പ്രതിഫലിക്കുന്നത്. ഇന്ത്യയിലെ 20 സംസ്ഥാനങ്ങളിലായി 1,30,000 പേർക്കും ആഫ്രിക്കൻ രാജ്യമായ സാംബിയയിലും എത്യോപ്യയിലുമായി 15,000 പേർക്കും ദിവസേന ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്.

സാമൂഹിക മുന്നേറ്റവും രാജ്യത്തിന്റെ പുരോഗതിയും ലക്ഷ്യമാക്കി മലബാർ ഗ്രൂപ്പ് തങ്ങളുടെ പ്രതിവർഷ വ്യാപാര ലാഭത്തിന്റെ 5 ശതമാനം വിവിധ സി എസ് ആർ പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുന്നുണ്ട്. ഈ പ്രതിബദ്ധത കൂടുതൽ ശക്തമാക്കിക്കൊണ്ട്, 2026 27 സാമ്പത്തിക വർഷത്തേക്ക് 200 കോടി രൂപയുടെ സി.എസ്.ആർ ഫണ്ട് അടുത്തിടെ പ്രഖ്യാപിച്ചിരുന്നു. സാമൂഹിക ക്ഷേമ പദ്ധതികൾക്കായി മലബാർ ഗ്രൂപ്പ് നടത്തുന്ന ഏറ്റവും വലിയ വാർഷിക നീക്കിവെപ്പാണിത്.

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയലിൻറെ ദീർഘവീക്ഷണത്തിന്റെ ഫലമായി സ്ഥാപിതമായതാണ് അടൽ ബിഹാരി വാജ്പേയി കൗശല്യ വികാസ് കേന്ദ്ര. യുവാക്കൾക്ക് വൊക്കേഷണൽ ട്രെയിനിംഗ്, സർട്ടിഫിക്കേഷൻ പ്രോഗ്രാമുകൾ, കരിയർ കൗൺസിലിംഗ്, പ്ലേസ്മെൻറ് പിന്തുണ എന്നിവ നൽകുന്ന ഒരു പ്രധാന നൈപുണ്യ വികസന കേന്ദ്രമാണിത്. യുവാക്കളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഈ കേന്ദ്രം സഹായിക്കുന്നു.




യുവാക്കളെ ശാക്തീകരിക്കുന്നതിലും അവരെ അർത്ഥവത്തായ തൊഴിലവസരങ്ങൾക്കായി സജ്ജരാക്കുന്നതിലും നൈപുണ്യ വികസനം സുപ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. പോഷകാഹാരം ലഭ്യമാക്കിക്കൊണ്ട് വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നത് ഏറ്റവും മഹത്തായ കാര്യമാണ്. പഠനത്തിലും വ്യക്തിഗത വളർച്ചയിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇത് അവരെ പ്രാപ്തരാക്കും. ഇതിലൂടെ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാകും. ഇത്തരത്തിലുള്ള സംയുക്ത ശ്രമങ്ങൾ യുവാക്കളുടെ വികസനത്തിനും, തൊഴിൽക്ഷമതയ്ക്കുമുള്ള ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് അർത്ഥവത്തായ സംഭാവന നൽകുന്നു.' അദ്ദേഹം പറഞ്ഞു.

പോഷകാഹാരവും വിദ്യാഭ്യാസവും പരസ്പര ബന്ധിതമാണെന്നും അനുകൂലമായ ഒരു പഠനാന്തരീക്ഷത്തിന് ഗുണമേന്മയുള്ള പരിശീലനത്തിനൊപ്പം പോഷകാഹാരവും ആവശ്യമാണെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം പി അഹമ്മദ് പറഞ്ഞു. ഹംഗർ ഫ്രീ വേൾഡ് പദ്ധതിയിലൂടെ ഈ അടിസ്ഥാനപരമായ ആവശ്യം പരിഹരിക്കാനും സ്വയംപര്യാപ്തതയിലേക്കും സാമ്പത്തിക ശാക്തീകരണത്തിലേക്കും എത്താനായി ആളുകളെ പിന്തുണയ്ക്കാനുമാണ് ഞങ്ങൾ ശ്രമിക്കുന്നത്. നൈപുണ്യ വികസനവും പോഷകാഹാരവും സാമൂഹിക പിന്തുണയും ഒത്തുചേർന്നുകൊണ്ടുള്ള ഇത്തരം സംരംഭങ്ങൾ യുവാക്കൾക്ക് മികച്ച അവസരങ്ങൾ സൃഷ്ടിക്കുകയും ദീർഘകാല സാമൂഹിക വികസനത്തിന് സംഭാവന നൽകാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. അദ്ദേഹം പറഞ്ഞു.

അടൽ ബിഹാരി വാജ്പേയി കൗശല്യ വികാസ് കേന്ദ്രയിലെ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിലൂടെ പോഷകാഹാരം, പഠനം, ഉപജീവന അവസരങ്ങൾ എന്നിവ സമന്വയിപ്പിക്കുന്ന പൊതുവായ പ്രതിബദ്ധതയെയാണ് മലബാർ ഗ്രൂപ്പ് പ്രതിഫലിപ്പിക്കുന്നത്. പട്ടിണി നിർമാർജനം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, ഭവന നിർമാണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിലാണ് മലബാർ ഗ്രൂപ്പിൻറെ സി എസ് ആർ പ്രവർത്തനങ്ങൾ പ്രധാനമായും നടപ്പാക്കുന്നത്. സി എസ് ആർ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വ്യവസ്ഥാപിതവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ മലബാർ ഗ്രൂപ്പിന് സാധിക്കുന്നുണ്ട്.



മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ പെട്ടവർക്ക് എം എ യൂസഫലി പ്രഖ്യാപിച്ച സഹായധനം മരണപ്പെട്ടവരുടെ ആശ്രിതർക്ക് മന്ത്രി കെ മുരളീധരൻ കൈമാറുന്നു.

# മുണ്ടത്തിക്കോട് ദുരന്തബാധിതർക്കായി എം.എ. യൂസഫലി പ്രഖ്യാപിച്ച സഹായധനം കൈമാറി

**തൃശ്ശൂർ/ കൊച്ചി:** മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിന്റെ ദുരന്തബാധിതർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലി പ്രഖ്യാപിച്ച ധനസഹായം കൈമാറി.

തൃശൂർ കളക്ട്രേറ്റിൽ നടന്ന ചടങ്ങിൽ ആരോഗ്യദേവസ്വം മന്ത്രി കെ മുരളീധരൻ സഹായധന വിതരണം നിർവഹിച്ചു. അപകടത്തിൽ ജീവൻ നഷ്ടമായ 16 പേരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപയും, പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും മറ്റ് ദുരിതബാധിതർക്കും 50,000 രൂപ വീതവുമാണ് എം എ യൂസഫലി പ്രഖ്യാപിച്ചത്. ദുരിത ബാധിതർക്കായി ഇടപെട്ട ലുലു ഗ്രൂപ്പിന്റെയും ചെയർമാൻ യുസഫലിയുടെയും ശ്രമങ്ങൾക്ക് സംസ്ഥാന സർക്കാരിന് വേണ്ടി മന്ത്രി നന്ദി പ്രകാശിപ്പിച്ചു.

വെടിക്കെട്ട് നിർത്തലാക്കുന്ന തീരുമാനം സർക്കാരിന്റെ നയമല്ലന്നെന്നും ആചാരങ്ങളെയും വിശ്വാസങ്ങളെയും കൂടെ നിർത്തുന്നതാണ് സർക്കാർ നയമെന്നും മന്ത്രി വ്യെക്തമാക്കി.

ചടങ്ങിൽ തൃശ്ശൂർ എം.എൽ.എ രാജൻ പല്ലൻ, തൃശ്ശൂർ എ.ഡി.എം ആർ. മനോജ് , ഡെപ്യൂട്ടി കളക്ടർ ഡോ. പ്രീത സക്കറിയ, ലുലു ഗ്രൂപ്പ് ഇന്ത്യ സി.ഒ.ഒ ആൻഡ് ഡയറക്ടർ ഫഹാസ് അഷറഫ്, സി.എം.ഡി. സെക്രട്ടറി ഇ.എ.ഹാരീസ്, മീഡിയ ഹെഡ് എൻ.ബി സ്വരാജ് തുടങ്ങിയവർ പ്രസംഗിച്ചു .

# അസോചം സമ്പൂർണ കേരള സമ്മിറ്റ് കൊച്ചിയിൽ



**കൊച്ചി:** കേരളത്തിന്റെ സമഗ്ര വികസനവും സുസ്ഥിര സാമ്പത്തിക വളർച്ചയും ലക്ഷ്യമിട്ട് ദി അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ (അസോചം) സംഘടിപ്പിക്കുന്ന 'സമ്പൂർണ കേരള സമ്മിറ്റ് 2026' സെപ്റ്റംബർ 11ന് കൊച്ചിയിൽ നടക്കും. സമ്മിറ്റിൻറെ മുന്നോടിയായി അസോചം കേരള സ്റ്റേറ്റ് ഡെവലപ്മെൻറ് കൗൺസിൽ പ്രതിനിധി സംഘം മുഖ്യമന്ത്രി വി.ഡി. സതീശനുമായി കൂടിക്കാഴ്ച നടത്തി.

കേരളത്തിന്റെ വികസന മുൻഗണനകൾ, പുതിയ നിക്ഷേപ സാധ്യതകൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന സാമ്പത്തിക പുരോഗതിക്കായുള്ള സംയുക്ത സംരംഭങ്ങൾ എന്നിവ കൂടിക്കാഴ്ചയിൽ ചർച്ചയായി. ഭാവികേരളത്തിന്റെ വികസന രൂപരേഖ തയ്യാറാക്കാൻ ലക്ഷ്യമിടുന്ന സമ്മിറ്റിൽ നയരൂപകർത്താക്കളും വ്യവസായ പ്രമുഖരും വിവിധ മേഖലകളിലെ വിദഗ്ധരും പങ്കെടുക്കും.

അസോചം കേരള സ്റ്റേറ്റ് ഡെവലപ്മെൻറ് കൗൺസിൽ ചെയർമാനും കേരള ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി മുൻ ചെയർമാനുമായ രാജാ സേതുനാഥ്, അസോചം കേരള കൗൺസിൽ കോചെയർമാനും രാജധാനി ഗ്രൂപ്പ് എം.ഡിയുമായ ഡോ. ബിജു രമേശ്, കോചെയർമാനും കൊല്ലം സുപ്രീം എം.ഡിയുമായ ഷിബു പ്രഭാകരൻ, ഗ്രാൻറ് തോൺടൺ ഭാരത് എൽ.എൽ.പി പാർട്ണറും അഗ്രികൾച്ചർ ഇൻഡസ്ട്രി ലീഡറുമായ പ്രൊഫ. വി. പത്മനാഭ്, അസോചം സതേൺ റീജിയണൽ ഹെഡ് ഉമാ എസ്. നായർ, ഗ്രാൻറ് തോൺടൺ അസോസിയേറ്റ് ഡയറക്ടർ ആശിഷ് എന്നിവരടങ്ങുന്ന സംഘമാണ് മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയത്.